# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP14/ 5/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP14/ 5/2023 തീയ്യതി: 23/03/2023

# തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ്.ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 21-12-2022 | 28-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 28-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (HG)
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ.എസ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർരാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.റ്റി.ആർ.അനിൽകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ വി.അബ്ബാസ് | സെക്രട്ടറി | 01-04-2021 | 03-09-2021 |
| ശ്രീ.സുരേഷ് കുമാർ.വി | സെക്രട്ടറി | 03-09-2021 | 28-09-2021 |
| ശ്രീ.ഹരി.ജി.എസ് | സെക്രട്ടറി | 29-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീബ ബി.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ദീപു ബി.എസ് | വെറ്റിനറി സർജൻ | 01-04-2021 | 24-05-2021 |
| ശ്രീമതി സജ്ന.എസ്.യു | വെറ്റിനറി സർജൻ | 25-05-2021 | 31-03-2022 |
| ഡോ.നിമ്മി കെ.പൌലോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകല.എൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.വി.എം.ലീന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത.ആർ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുമോദ്.എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2021 | 31-03-2022 |
| ശ്രീ.ഹരിശങ്കർ.ജെ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2021 | 31-03-2022 |
| ശ്രീമതി ഷമീന ബീഗം.എച്ച്. | ഹെഡ്മിസ്ട്രസ്സ്, യു.പി.എസ്. | 01-04-2021 | 31-03-2022 |
| ശ്രീമതി കവിത.ഇ.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ.വി. | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ധന്യശ്രീ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമപദ്ധതികൾ | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-5-1 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടയാളെ ഒഴിവാക്കിയിട്ടില്ല | 1-5-2 |
| 9 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി | 1-5-3 |
| 10 | ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം | 1-5-4 |
| 11 | പണം നീക്കിയിരിപ്പ് പരിശോധന | 1-6 |
| 12 | മറ്റ് ഓഡിറ്റ് നടത്തിയ വിവരം | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 14 | എം.എൻ.ആർ.ഇ.ജി.എസ് - പ്രോജക്ട് നടപ്പാക്കിയതിലെ വിവിധ അപാകങ്ങൾ | 1-8-1 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ | 1-10 |
| 17 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-11 |
| 18 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത | 1-12 |
| 19 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| 20 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 21 | ലേലങ്ങളുടെ കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-15 |
| 22 | മാർക്കറ്റ് സ്റ്റാൾ- വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു | 1-16 |
| 23 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-17 |
| 24 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-17-1 |

| | | |
|---|---|---|
| 25 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17-2 |
| 26 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകൽ - നികുതി പുനർ നിർണയിച്ചിട്ടില്ല. | 1-17-3 |
| 27 | വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കിയതിൽ അപാകത | 1-17-4 |
| 28 | പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-17-5 |
| 29 | സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല | 1-17-6 |
| 30 | അനധികൃത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല | 1-17-7 |
| 31 | വാണിജ്യ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു. | 1-17-8 |
| 32 | ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു | 1-17-9 |
| 33 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-17-10 |
| 34 | ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-17-11 |
| 35 | വാണിജ്യ കെട്ടിട നിർമ്മാണം ചട്ടവിരുദ്ധമായി ക്രമവൽക്കരിച്ചു നൽകി | 1-17-12 |
| 36 | വിനോദ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-18 |
| 37 | തൊഴിൽ നികുതി വിവിധ അപാകങ്ങൾ | 1-19 |
| 38 | കല്യാണ മണ്ഡപങ്ങൾ-ഹാളുകൾ-സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-19-2 |
| 39 | സിനിമാശാലകൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-19-3 |
| 40 | വ്യാപാര സ്ഥാപന ങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-19-4 |
| 41 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-19-5 |
| 42 | തൊഴിൽ നികുതി-കുറഞ്ഞ നിരക്കിൽ അടച്ചിരിക്കുന്നു | 1-19-6 |
| 43 | സ്ഥാപനങ്ങൾ തൊഴിൽ നികുതി-അടച്ചിട്ടില്ല | 1-19-7 |
| 44 | തൊഴിൽ നികുതി-ഭാഗികമായി ഈടാക്കിയിരിക്കുന്നു. | 1-19-8 |
| 45 | വക്കീൽ ഫീസ്-ആദായ നികുതി ഈടാക്കേണ്ടതാണ് | 1-20 |
| 46 | താത്കാലിക നിയമനം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കണം | 1-21 |
| 47 | വെള്ളക്കരം-കുടിശ്ശിക-അപാകത പരിഹരിക്കേണ്ടതാണ്. | 1-22 |
| 48 | ആസ്തി രജിസ്റ്റർ-കാലികമല്ല. | 1-23 |
| 49 | തെരുവു നായ്ക്കളുടെ പരിപാലനത്തിന് പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല. | 1-24 |
| 50 | പഠനമുറി നിർമ്മാണം - അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല | 1-25 |
| 51 | ന്യൂലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ | 1-26 |
| 52 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 53 | ഭവന പുനരുദ്ധാരണം - പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-28 |
| 54 | കാർഷിക പ്രോജക്ടുകൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല | 1-29 |

| | | |
|---|---|---|
| 55 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-30 |
| 56 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാലാവധിയ്ക്ക് ശേഷവും വെറ്ററിനറി മരുന്ന് ഉപയോഗിച്ചിരിക്കുന്നു | 1-31 |
| 57 | എസ് എസ് എ ഫണ്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1621800/-രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 58 | പ്രത്യേക കന്നുക്കുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - - 525000 രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 59 | സ്നേഹസ്പർശം പ്രോജക്റ്റ്- അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല | 1-34 |
| 60 | പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക അനുവദിച്ചു - പരിശോധിക്കേണ്ടതാണ് | 1-35 |
| 61 | ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 1-36 |
| 62 | ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം യഥാസമയം പരിശോധിക്കുന്നില്ല | 1-37 |
| 63 | പഞ്ചായത്ത് വിഹിതം നൽകിയ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല – 700000 രൂപ തടസ്സപ്പെടുത്തുന്നു | 1-38 |
| 64 | അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി - പരീക്ഷയെഴുതിയതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല | 1-39 |
| 65 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല -1112060/- രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 66 | പത്രപ്പരസ്യത്തിന് അധിക നിരക്ക് നൽകി- തുക ഈടാക്കേണ്ടതാണ് | 1-41 |
| 67 | കോവിഡ് പ്രോജക്ടുകളുടെ പരിശോധന - വിവിധ അപാകതകൾ | 1-42 |
| 68 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-പ്രോജക്ട് അപാകതകൾ | 1-43 |
| 69 | വാഹന പരിപാലനത്തിലെ അപാകതകൾ | 1-44 |
| 70 | ലോഗ് ബുക്ക് പരിശോധന | 1-44-1 |
| 71 | പുതിയ വാഹനം പർച്ചേസ് ചെയ്തിട്ടും പഴയ വാഹനം കണ്ടം ചെയ്തിട്ടില്ല | 1-44-2 |
| 72 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-44-3 |
| 73 | അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം | 1-45 |
| 74 | മരുന്നുകളിൽ ബാച്ച് നമ്പർ, കാലഹരണ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-46 |
| 75 | എൻ.എച്ച്.എം.സിദ്ധ ഡിസ്പെൻസറിയിൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-47 |
| 76 | സിദ്ധ ആശുപത്രിയിൽ വാങ്ങിയ പ്രിന്റർ സ്റ്റോക്കിലെടുത്തില്ല | 1-48 |
| 77 | ഹോമിയോ മരുന്നുകൾ വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകത 14449/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-49 |
| 78 | ഔഷധി കരാർ തീയതി കഴിഞ്ഞ് വൈകി മരുന്നുകൾ വിതരണം ചെയ്തു | 1-50 |

| | | |
|---|---|---|
| 79 | ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്.) സോഫ്റ്റ് വെയർ - പരിമിതികൾ | 1-51 |
| 80 | മരുന്നുകൾ ലഭ്യമായില്ല | 1-52 |
| 81 | ഔഷധം കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു. | 1-53 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 18.03.2022 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 44,64,59,170/- രൂപ വരവും 42,98,01,500/-രൂപ ചെലവും 1,66,57,670/- രൂപ നീക്കിയിരിപ്പുമാണ്.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)അനുപൂരകബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം വാങ്ങാതെ ബജറ്റ് റിവൈസ് ചെയ്തിരിക്കുന്നു.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

എന്നാൽ പ്രസ്തുത രേഖകൾ ഉൾപ്പെടുത്തിയിട്ടുള്ള ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല .

മേൽ പരാമർശങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(43/21-22 തീയതി.26.12.22)ലഭ്യമാക്കിയ മറുപടിയിൽ ബജറ്റ് പ്രസംഗം, ബജറ്റ് കുറിപ്പുകൾ, പെർഫോമൻസ് ബജറ്റ് എന്നിവ വരുംവർഷങ്ങളിലെ ബജറ്റ് രേഖയോടൊപ്പം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.08.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/23.12.2022,47/26.12.2022 എന്നിവയ്ക്ക് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. സ്റ്റോക്ക് മൂല്യ നിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

2)2020-21വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-40(b) പ്രകാരമുള്ള വിവിധ അക്കൗണ്ടുകളുടെ (ആകെ 17 എണ്ണം)നീക്കിയിരിപ്പ് തുക 0 ആണ്. പ്രസ്തുത അക്കൗണ്ടുകൾ 2021-22 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-40(a) ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അക്കൗണ്ടുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അക്കൗണ്ടുകൾ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുള്ളതാണെന്നും ആയത് നിലവിൽ ഉപയോഗിക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഉപയോഗത്തിലില്ലാത്ത പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന് മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ILGMSൽ നിലവിൽ പ്രസ്തുത ഷെഡ്യൂൾ ലഭ്യമല്ലായെന്നും ആയത് മാന്വലായി ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

4)ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 2110502/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.തൻവർഷം ലഭിച്ച തുക സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ചെലവഴിക്കുന്നതാണെന്നും മുൻ വർഷങ്ങളിലെ മറ്റ് തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5)ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. ചെലവ് തുകയിൽ താഴെപ്പറയും പ്രകാരം വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്.

| | | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | ACR | 9846508 | 4788848 | 5057660 |
| | AFS | 6753298 | 3433431 | 3319867 |
| | Grant Statement | 9846508 | 4390712 | 5455796 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | ACR | 5634164 | 5187307 | 446857 |
| | AFS | 5168800 | 3066960 | 2101840 |
| | Grant Statement | 5634164 | 5187307 | 446857 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied+Untied) | സുലേഖ പത്രിക ചെലവ് | | | 9578019 |

2022 മാർച്ച് അവസാന ദിവസങ്ങളിലെ സി.എഫ്.സി , പി.എഫ്.എം.എസ് വെബ്സൈറ്റ് മുഖേന പേയ്മെന്റ് ചെയ്ത 3475764/- രൂപ PFMS കാനറ ബാങ്ക് അക്കൗണ്ടിൽ നിന്നും ഏപ്രിൽ മാസത്തിലാണ് ഡെബിറ്റ് ചെയ്തതെന്നും ആയതിനാൽ പ്രസ്തുത ചെലവ് 2022-23 സാമ്പത്തിക വർഷത്തിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ 18 മണലകം സ്കൂളിന് ടോയ്‌ലറ്റ് മെയിന്റനൻസ് എന്ന പ്രോജക്ടിലെ ചെലവ് തുകയായ 398136/- രൂപ PFMS ൽ അപ്രൂവൽ ലഭിക്കാത്തതിനാലാണ് 31.03.2022 ൽ പേയ്മെന്റ് ചെയ്യാൻ കഴിഞ്ഞില്ലായെന്നും ആയതിനാലാണ് വെബ് സാംഖ്യയിലും സുലേഖയിലും ചെലവ് വ്യത്യാസമായി കാണപ്പെട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിലെ മേൽ അപാകങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും ആയത് തുടർ വർഷത്തിൽ പരിഹരിക്കേണ്ടതുമാണ്.

6)സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും കോർപ്പറേഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വർഷത്തെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204,320700404&320700104 | ബ്ലോക്ക് പഞ്ചായത്ത് | 570014 |
| 2 | 320700205&320700105 | ജില്ലാ പഞ്ചായത്ത് | 502463 |
| 3 | 320700102 | മുനിസിപ്പൽ കോർപ്പറേഷൻ | 2200000 |

തുക തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

7)കോവിഡിന്റെ ഭാഗമായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് സ.ഉ(അ).നം.122/2021/ധന തീ.01.09.2021 സർക്കുലർ നം.71/2021/ധന തീ. 03.09.2021പ്രകാരം നിർദ്ദേശിച്ചിരുന്നു. 2021-22 വർഷം ഇപ്രകാരം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്കിയതിന്റെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

8)ഹെഡ് കോഡ് നമ്പർ 450210101 SUB Treasury Kazhakkoottam (Old 111) എന്ന അക്കൗണ്ടിൽ 9760/- രൂപ മുന്നിരിപ്പ് , നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് , റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ അക്കൗണ്ട് നിലവിൽ ഉപയോഗിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഉപയോഗത്തിലില്ലാത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9)ലൈഫ് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ (ഹെഡ് കോഡ് നം.320300199) നിന്നും വാർഷിക ധനകാര്യ പത്രിക പ്രകാരം 540000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് . എന്നാൽ സുലേഖ ചെലവ് പത്രികയിൽ ലൈഫ് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ 960000/- രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടുണ്ട്. ലോൺ ഇനത്തിൽ ചെലവഴിച്ച തുക തെറ്റായി സുലേഖയിൽ

രേഖപ്പെടുത്തിയതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.

10)പ്രോജക്ട് നം.163/22 അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ICDS കേന്ദ്രാവിഷ്കൃത ഫണ്ട് ലഡ്ജർ പരിശോധിച്ചതിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 152998/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ തനത് ഫണ്ടിൽ നിന്നാണ് പ്രസ്തുത ചെലവ് രേഖപ്പെടുത്തിയത്. തുക തെറ്റായി സുലേഖയിൽ രേഖപ്പെടുത്തിയതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് തുക ക്രമീകരിക്കേണ്ടതാണ്.

11)114/22 പോത്തൻകോട് മാർക്കറ്റ് കുഴൽ കിണർ നിർമ്മാണം എന്ന പദ്ധതി പ്രകാരം 500000/- ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. ഡിപ്പോസിറ്റ് ഹെഡ് മുഖേനയല്ല പ്രസ്തുത തുക ചെലവഴിച്ചത്. ആയതിനാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

12)ഡെപ്പോസിറ്റ് വർക്കുകൾക്ക് ചെലവഴിച്ച തുകകളെ സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂപ) | 2021-22 വർഷ ത്തെ നിക്ഷേപം (രൂപ) | ആകെ (രൂപ) | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂപ) | നീക്കി യിരിപ്പ് (രൂപ) | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 9239207 | 3495300 | 12734507 | 6150987 | 6583520 | 6583520 |
| കെ.എസ്.ഇ.ബി | 2414996 | 12060 | 2427056 | - | 2427056 | 2427056 |
| കേരള ഭൂജല വകുപ്പ് | 256810 | 500000 | 756810 | - | 756810 | 256810 |
| പി.ഡബ്ല്യൂ.ഡി | 580000 | - | 580000 | 580000 | - | - |

വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 വർഷം 6730987/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച രേഖകളും ലഭ്യമാക്കിയിട്ടില്ല. വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

13)വിവിധ നികുതി നികുതിയേതര വരവുകളുടെ(tax & Nontax) ഡി.സി.ബി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14)വസ്തു നികുതി ഇനത്തിലെ തുകകൾ Prior Period Item ൽ ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം ഡിമാന്റ് തുക കറവ് ചെയ്തിട്ടുണ്ട്.

| Date | Code | Head | Type | V.No | Dr | Cr |
|---|---|---|---|---|---|---|
| 31-03-2022 | 431100102 | Receivables For Property Tax On Residential Buildings (Arrears) RESIDENTIAL ARREAR | J | 42100688 | | 43715 |
| 31-03-2022 | 431100104 | Receivables For Property Tax On Non-Residential Buildings | J | 42100690 | | 5880 |

| | | | | | | |
|---|---|---|---|---|---|---|
| | | (Arrears) Narration – NR ARREAR | | | | |
| | | Closing Balance | | | | 49595.00 |

സഞ്ചയയുമായി പൊരുത്തപ്പെടുത്തുന്നതിനാണ് ഇത്തരത്തിൽ ഡിമാന്റിൽ മാറ്റം വരുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഡിമാന്റ് കുറവ് ചെയ്തത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

15)വിവിധ ബാങ്ക് അക്കൗണ്ടുകളിൽ വിവിധ കാലയളവിൽ തുകകൾ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി State Bank Of Travancore (67061729784) അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരം 01.04.2021 മുതൽ 28.02.2022 വരെയുള്ള നീക്കിയിരിപ്പ് നെഗറ്റീവ് ആണ്(ക്രഡിറ്റ് ബാലൻസ്). വരവ് രേഖപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് നെഗറ്റീവ് ബാലൻ കാണപ്പെട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത്.

16)വിവിധ ഋണശീർഷ വരവു തുകകളുടെ രജിസ്റ്റർ(ഡെപ്പോസിറ്റ് രജിസ്റ്റർ), അഡ്വാൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

17)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2021-22 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2022 |
| 110100103 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

18)431120101 Prof Tax Institutions Current ഹെഡിലെ 65650/- രൂപയോടൊപ്പം 431120102 Prof Tax Institutions Arrears ഹെഡിൽ പിരിച്ചെടുത്ത 4000/- രൂപ കൂടി ഉൾപ്പെടുത്തി തൻ വർഷ കളക്ഷൻ തുക 69650/- രൂപ ഉൾപ്പെടുത്തിയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയത്. അരിയർ കളക്ഷൻ എന്ന തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയത് ക്രമീകരിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്.

19)2020-21,21-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 340200199 ഹെഡിൽ ജി.എസ്.ടി ഇനത്തിൽ ലഭിച്ച ( Other Deposits Revenue) 34200/- രൂപ നീക്കിയിരിപ്പുണ്ട്(Cash GST Voucher No.117090107801/21.02.2018) . പ്രസ്തുത തുക സംബന്ധിച്ച വിശദാംശം പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

20)അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആസ്തി രൂപീകരണത്തിനായി നൽകിയ പാർട്ട് ബിൽ 399794/- രൂപ മാത്രമാണ്(പ്രോജക്ട് നം. 122/22). എന്നാൽ 412010101 Capital Work In Progress ഹെഡിൽ 860252/- രൂപ നീക്കിയിരിപ്പുണ്ട്. 143/22 ചാരുംമൂട് ഓട്ടൂർക്കോണം എന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ തുക കൂടി ഉൾപ്പെടുത്തിയാണ് നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.

21) പ്രോജക്ട് നമ്പർ 13, വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങൽ, ACR, ബിൽ ബുക്ക് എന്നിവ പ്രകാരമുള്ള ചെലവ് (297281) സുലേഖ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. (297997/-)

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | (രൂപ) |
| വികസനഫണ്ട് (ജനറൽ) | 0 | 19917756 | 19917756 | 22952229 | -3034473 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8393433 | 8393433 | 7148353 | 1245080 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | - | - | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9846508 | 9846508 | 4390712 | 5455796 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5634164 | 5634164 | 5187307 | 446857 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12509700 | 12509700 | 11314000 | 1195700 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7440471 | 7440471 | 7225521 | 214950 |

A)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt (Rs) | Expenditure (Rs) | Balance (Rs) |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ACR | 19917756 | 18712796 | 1204960 |
| | AFS | 1867149 | 18671496 | 0 |
| | Grant Statement | 19917756 | 22952229 | -3034473 |
| വികസനഫണ്ട് (എസ്.സി.പി) | ACR | 8393433 | 6859086 | 1534347 |
| | AFS | 6859086 | 6859086 | 0 |
| | Grant Statement | 8393433 | 7148353 | 1245080 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | ACR | 9846508 | 4788848 | 5057660 |
| | AFS | 6753298 | 3433431 | 3319867 |
| | Grant Statement | 9846508 | 4390712 | 5455796 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | ACR | 5634164 | 5187307 | 446857 |
| | AFS | 5168800 | 3066960 | 2101840 |
| | Grant Statement | 5634164 | 5187307 | 446857 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി എന്നീ ഫണ്ടുകളിൽ Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകകൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ(റസീപ്റ്റ് & പേയ്മെന്റ്) പ്രസ്തുത ചെലവ് ഉൾപ്പെടുന്നില്ല . വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി എന്നീ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ 31.03.2022 തീയതിയിൽ ജനറേറ്റ് ചെയ്ത ബില്ലുകൾ പാസാകാത്തതിനാലാണ് പ്രസ്തുത വ്യത്യാസം നിലനിൽക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകകളിൽ 31.03.2022 തീയതിലെ ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത ചെലവുകൾ എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

B)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക്

സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും കോർപ്പറേഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വർഷത്തെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക (രൂപ) |
|---|---|---|---|
| 1 | 320700204,320700404&320700104 | ബ്ലോക്ക് പഞ്ചായത്ത് | 570014 |
| 2 | 320700205&320700105 | ജില്ലാ പഞ്ചായത്ത് | 502463 |
| 3 | 320700102 | മുനിസിപ്പൽ കോർപ്പറേഷൻ | 2200000 |

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ (രൂപ) | ചെലവ് (രൂപ) | ശതമാനം |
| I | കൃഷി ഓഫീസർ | 7 | 7 | 0 | 100 | 2496076 | 2495941 | 99.9 |
| Ii | വെറ്റിനറി സർജൻ | 4 | 4 | 0 | 100 | 2590000 | 2065000 | 80 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 9 | 9 | 0 | 100 | 5453529 | 5248174 | 96 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 2 | 1 | 67 | 535000 | 460000 | 86 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 10 | 10 | 0 | 100 | 5190300 | 5190300 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 16 | 4 | 80 | 31576515 | 12687867 | 40 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 2 | 78 | 5928137 | 5652839 | 95 |
| Viii | സെക്രട്ടറി | 48 | 36 | 12 | 75 | 21097870 | 16496747 | 78 |
| Ix | എച്ച്.എം. | 2 | 2 | 0 | 100 | 1731800 | 1731800 | 100 |
| X | അസിസ്റ്റന്റ് | 37 | 26 | 11 | 70 | 28783665 | 16556404 | 57 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എഞ്ചിനീയർ | | | | | | | |
| Xi | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 100 | 4900220 | 3553783 | 72 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 4 | 60 | 3637446 | 1560097 | 43 |
| Xiii | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 0 | 100 | 615000 | 162400 | 26 |
| ആകെ | | 162 | 128 | 34 | 79 | 114535558 | 73861352 | 64 |

1) ആകെ വകയിരുത്തിയ ഫണ്ടിന്റെ 64 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വകയിരുത്തിയ ഫണ്ടിന്റെ 40ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 37 പ്രോജക്ടുകളിൽ 11 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 57 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് അംഗീകാരം വാങ്ങിയ 1 പ്രോജക്ട് നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 26 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

ഡി) അസിസ്റ്റന്റ് സെക്രട്ടറി വകയിരുത്തിയ ഫണ്ടിന്റെ 43 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ഇ) സെക്രട്ടറി അംഗീകാരം വാങ്ങിയ 48 പ്രോജക്ടുകളിൽ 12 എണ്ണം നടപ്പാക്കിയില്ല.

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | SO136/22 | വീട് വാസയോഗ്യമാക്കൽ(ജനറൽ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| Ii | SO130/22 | പോത്തൻകോട് മാർക്കറ്റിനുള്ളിലെ ബസ്ബേ പാർട്ടീഷൻ നടത്തി കടമുറികളായി തരംതിരിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iii | SO131/22 | വേങ്ങോട് പൊതുമാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് മിനി എം.സി.എഫ് അനുബന്ധ പ്രവൃത്തികൾ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iv | SO132/22 | വേങ്ങോട് മാർക്കറ്റിൽ ടോയ്‌ലറ്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| V | SO129/22 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vi | SO118/22 | ഹോളോബ്രിക്സ് യൂണിറ്റ് വാടകയും അനുബന്ധ ചെലവുകളും | സെക്രട്ടറി |
| Vii | SO119/22 | ഗ്രാമപഞ്ചായത്താഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി |
| Viii | SO120/22 | ഗ്രാമപഞ്ചായത്ത് സെർവർ റൂമിൽ എ.സി സ്ഥാപിക്കൽ | സെക്രട്ടറി |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 63/28.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി)പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക ഉടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതി 31.12.21 ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ യോഗത്തിന്റെ മിനിട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ

11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃസംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3. വികസന സെമിനാർ

2021-22 വർഷത്തെ വികസന സെമിനാറിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 15.02.21 ൽ നടത്തിയ വികസന സെമിനാറിൽ പങ്കെടുത്തവരുടെ ഹാജർ ബുക്കാണ് നൽകിയിട്ടുള്ളത്. അതിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഹാജർ ബുക്ക് പ്രകാരം 2021-22 വർഷം വികസന സെമിനാൽ നടത്തിയിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.67/28.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6818700 | 468 |
| വിധവാപെൻഷൻ | 23935200 | 1652 |
| വാർദ്ധക്യകാലപെൻഷൻ | 39994000 | 3076 |
| വികലാംഗപെൻഷൻ | 7049600 | 473 |
| വിവാഹധനസഹായം | 360000 | 12 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 470000 | 34 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

പഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിവരം |
| 1 | മുരളീധരൻ | 103410202261 | വാർദ്ധക്യകാലം | 22.01.21 | ആക്ടീവ് | കൊല്ലം നെടുവത്തൂർ ഗ്രാമപഞ്ചായത്ത് (11/22 വരെ പെൻഷൻ തുക അനുവദിച്ചു) |
| 2 | ജി.കൃഷ്ണൻ നായർ | 102720200370 | വാർദ്ധക്യകാലം | 15.11.20 | സസ്പെൻഡ് | 12/20 - 1400<br>01/21 മുതൽ 03/21 വരെ - 1500 X 3 = 4500<br>04/21 -1600<br>ആകെ - 7500 |
| 3 | വാമാക്ഷി | 102720202980 | വാർദ്ധക്യകാലം | 18.11.21 | സസ്പെൻഡ് | 12/21 - 1600 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.72/28.12.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടയാളെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താവിനെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | സരളയമ്മ | 102720200073 | വാർദ്ധക്യകാലം | 06.01.21 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.72/28.12.22ന് മറുപടി ലഭ്യമാക്കിയില്ല. മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി ഗ്രാമപഞ്ചായത്തിൽ നിന്നും ക്ഷേമപെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 13.03.21 ലെ എഡിപി-ടിവിഎം/711/2020-PA2 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയതും തുക തിരികെ ഒടുക്കാത്തതുമായവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|
| 1 | രാജമ്മ.റ്റി | 102720100608 | 64100 |

| | | | |
|---|---|---|---|
| 2 | രാമകൃഷ്ണൻ | 102720200554 | 87300 |
| 3 | കൃഷ്ണമ്മ.പി | 102720200873 | 67800 |
| 4 | രാധമ്മ.ബി | 102720200910 | 72000 |
| 5 | വസന്തകുമാരി | 102720201149 | 53700 |
| 6 | ലൈലാബീവി | 102720201196 | 48100 |
| 7 | ശാന്തമ്മ | 102720201305 | 50900 |
| 8 | രാമകൃഷ്ണൻ | 102720202088 | 40000 |
| 9 | വസന്ത | 102720601388 | 58000 |
| 10 | കമലമ്മ.ബി | 102720601411 | 47600 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 62/27.12.22ന് മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5-4 ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം

1. പഞ്ചായത്തിൽ പരിപാലിക്കുന്ന വിവിധ ക്ഷേമപെൻഷനുകൾക്കുള്ള രജിസ്റ്ററുകൾ പൂർണമല്ല. അപേക്ഷ നിരസിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളവയിൽ ആയതിനുള്ള കാരണം, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം എന്നിവയടക്കമുള്ള വിവരങ്ങൾ പല രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

2. നിശ്ചിത സമയപരിധിക്കുള്ളിൽ പല അപേക്ഷകളിലും തീർപ്പുകല്പിക്കുന്നതായി കാണുന്നില്ല.

3. 1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ ചട്ടം 7സി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭിച്ചതും അനുവദിച്ചതും നിരസിച്ചതും ആയ അപേക്ഷകളുടെ ഒരു രജിസ്റ്റർ ഫോറം 4 ൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ കർഷക തൊഴിലാളി പെൻഷൻ രജിസ്റ്റർ അപ്രകാരമുള്ളതല്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 64/28.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിവിധ ക്ഷേമപെൻഷനുകളുടെ രജിസ്റ്ററുകൾ പൂർണ്ണമാക്കുന്നതാണെന്നും കേരള കർഷക തൊഴിലാളി പെൻഷൻ ഫോറം 4 സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ സമയപരിധിക്കുള്ളിൽ അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതായി വിവിധ ക്ഷേമപെൻഷനുകളുടെ പരിശോധനാ ഉദ്യോഗസ്ഥരോട് പരിശോധനാ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ നൽകുവാൻ നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ 2021-'22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 23.12.2022 തീയ്യതിയിൽ പകൽ 11:00 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പണം നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റ് നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019 | 08.07.2019 | ലഭ്യമല്ല |
| ഏ.ജി.ഓഡിറ്റ് | 22.10.2020 | 2015-16 മുതൽ 2019-20 വരെ | ലഭ്യമല്ല |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1516440 | 1516440 | 1507987 | 8453 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 76829841 | 76829841 | 76829841 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 0 | 78346281 | 78346281 | 78337828 | 8453 |

A)എം.എൻ.ആർ.ഇ ജി.എസ് കാഷ് ബുക്ക് പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് ചെലവു നീക്കിയിരിപ്പുകളിൽ 2000/- രൂപയുടെ വ്യത്യാസം ഗുണഭോക്താവിന് നൽകിയ തുക തിരികെ ലഭിച്ചതാണ്. (Liability In Respect Of Stale Cheques No : 641959 ,Dt. 18-02-2022)

B)ഭരണ ചെലവുകൾക്കായി നൽകിയ 1507987/- രൂപയിൽ 217,076/- രൂപ 253100101 Total Poverty Alleviation ഹെഡിലാണ് ഉൾപ്പെടുന്നത്.

## 1-8-1 എം.എൻ.ആർ.ഇ.ജി.എസ് - പ്രോജക്ട് നടപ്പാക്കിയതിലെ വിവിധ അപാകങ്ങൾ

2021-22 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ.ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. കൂടാതെ വിവിധ പ്രോജക്ടുകളിൽ ജി.എസ്.ടി ഇൻവോയ്സ് സമർപ്പിക്കാതെ എസ്റ്റിമേറ്റ് ബിൽ തുകയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ച നൽകിയിട്ടുള്ളത്. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| വർക്ക് കോഡ് | 1614008005/RC/301375 |
| പ്രവൃത്തിയുടെ പേര് | കരുർ പേഴുംകാല റോഡ് കോൺക്രീറ്റിംഗ് |
| എം.ബുക്ക് നം. | 12/21-22 |
| ചെലവ് തുക | 228218.01/- |

അപാകങ്ങൾ

1)2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ പ്രവർത്തി നടത്തിപ്പിലെ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോ, ജിയോടാഗ്ഡ് ഫോട്ടോ, അനുബന്ധം 2 പ്രകാരമുള്ള ഫയൽ ട്രാക്കിംഗ് ഫോറം, മസ്റ്റർ റോൾമൂവ്മെന്റ് സ്ലിപ്, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)22.07.2021 ലെ 2274-ാം നമ്പർ മസ്റ്റർ റോളിൽ ചുമതലുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)പദ്ധതിയ്ക്കായി 171846.01 /- രൂപയ്ക്ക് മെറ്റീരിയൽ വാങ്ങിയിട്ടുണ്ട്(Direct Line ഞാണ്ടൂർക്കോണം). എന്നാൽ ജി.എസി.ടി ഇൻവോയ്സ് കൂടാതെയാണ് മെറ്റീരിയലിന് തുക അനുവദിച്ചത്. ലഭ്യമാക്കിയ ഇൻവോയ്സിൽ, ഇൻവോയ്സ് നമ്പർ, തീയതി തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

II)

| | |
|---|---|
| വർക്ക് കോഡ് | 1614008005/IF/603080 |
| പ്രവൃത്തിയുടെ പേര് | ആട്ടിൻകൂട് നിർമ്മാണം കരൂർ വാർഡ് |
| എം.ബുക്ക് നം. | 138/2021-22 |
| ചെലവ് തുക | 61138 രൂപ |

അപാകങ്ങൾ

1) 2021-22 വർഷത്തെ എം.എൻ.ആർ.ഇ.ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ പ്രവർത്തി നടത്തിപ്പിലെ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോ, (പൂർത്തീകരണ ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്) ജിയോടാഗ്ഡ് ഫോട്ടോ, അനുബന്ധം 2 പ്രകാരമുള്ള ഫയൽ ട്രാക്കിംഗ് ഫോറം, മസ്റ്റർ റോൾമൂവ്മെന്റ് സ്ലിപ്, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല..

2)പ്രോജക്ട് പ്രകാരമുള്ള മസ്റ്റർ റോളുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)നിർമ്മാണ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എൻ.ഒ.സി/പെർമിറ്റ് ലഭിച്ചിട്ടില്ല. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 8, ഉപചട്ടം 14 പ്രകാരം 50 എണ്ണത്തിൽ കൂടാതെ ആടുകളെ വളർത്തുന്ന കെട്ടിടത്തിന് ചുറ്റും വ്യക്തമായ 1.5 മീറ്റർ ഉറസ്സായ സ്ഥലം നൽകേണ്ടതാണ്. എന്നാൽ നിർമ്മാണത്തിന്റെ പൂർത്തീകരണ ഫോട്ടോയിൽ പ്രസ്തുത ചട്ടം പാലിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (60/27.12.2022) മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

4) 2021-22 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

7) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

8)ഗ്രാമ പഞ്ചായത്തിന് നികുതി/നികുതിയേതര വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
9) ബജറ്റ്, വാർഷിക ധനകാര്യപത്രിക എന്നിവ നടപടിക്രമങ്ങൾ പാലിച്ച് കൃത്യമായും അപാകങ്ങൾ ഒഴിവാക്കിയും തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ള ഓരോ വാർഡിലും ഉൾപ്പെടുന്ന വ്യാപാരസ്ഥാപനങ്ങൾ എത്രയെന്നും അവയിൽ എത്രയെണ്ണം ലൈസൻസ് എടുത്തിട്ടുണ്ടെന്നും അനധികൃതമായി പ്രവർത്തിക്കുന്നവ എത്രയെന്നും കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതാണെന്ന നിർദ്ദേശമുണ്ടായിട്ടും നിലവിലും വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി .സി .ബി .പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

2) അപേക്ഷകൾ പൂർണ്ണമല്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചാ യത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി )നം . 80/2017/തസ്വഭവപ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനം ദിനവിറ്റു വരവിന് പകരം മൂലധന നിക്ഷേ പത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും , പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ

ലൈസൻസ് ചട്ടങ്ങളിൽ വന്നഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം , സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ , മിനി , സ്മാൾ, മീഡിയം , ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

3) ഡി&ഒ ലൈസൻസ് രജിസ്റ്റർ അപൂർണ്ണം.

അപേക്ഷ ലഭിച്ച തീയതി, മേൽവിലാസം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഡ് /കെട്ടിട നമ്പരുകൾ, ലൈസൻസ് എന്ത് ആവശ്യത്തിനുള്ളത്, അടച്ച തുക/രസീത് നം. എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ തൻവർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഈടാക്കിയിട്ടില്ല. ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 17 | ഷാജി, Sawati Saw Mill | 37 HP | 400 |
| 2 | 62 | Noufal, EKSA Paper Solution | 5 HP | 50 |
| 3 | 67 | Abdul Asees,CM Flour Mill | 20 HP | 200 |
| 4 | 102 | Sainulabdeen, Perfect Wheels | 1 | 10 |
| 5 | 134 | Muhammed Hyder Muhammed | 4.5 | 50 |
| 6 | 153 | Aseef Khan, Travancore Steels | 4 | 50 |
| 7 | 157 | Deepak Vijayan, Yuvan Enterprises | 4 | 50 |
| 8 | 199 | Bobymol, Bobby Foods | 1 | 10 |
| 9 | 200 | Sheeba.s, Top Ten Flour Mill | 10 | 100 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 69/28.12.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നമ്പർ 45/26.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്) എ9-764/2019 നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 2190 വളർത്തു നായകളിൽ 10 എണ്ണത്തിന് ലൈസൻസ് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളർത്തുനായകളുടെ ലൈസൻസ് രജിസ്റ്റർ

പരിശോധിച്ചതിൽ 2021 -22 സാമ്പത്തിക വർഷം 14 നായകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഈ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം ലഭിച്ച വരവ് രജിസ്റ്റർ പ്രകാരം 140 രൂപയും എഎഫ്എസ് പ്രകാരം 250 രൂപയും ആണ്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 48/27.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-13 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

1. 2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 2350/-രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.
2. സഞ്ചയയിൽ ഹോസ്പിറ്റലുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | ബിൽഡിംഗ് ഐഡി | ഉടമസ്ഥന്റെ പേര് | മേൽവിലാസം |
|---|---|---|---|
| 1 | 50272010006563 | Dr. Sunil | Melethara Veedu |
| 2 | 50272010014762 | SUDEV S | SREE VINAYAKA |
| 3 | 50272010014780 | I S SUSMITHA | SARALA BHAVAN |
| 4 | 50272010014782 | Dr. Suthan | Vinayaka Hospital |
| 5 | 50272010014783 | Dr. Suthan | Vinayaka Hospital |
| 6 | 50272010014784 | I S SUSMITHA | SARALA BHAVAN |
| 7 | 50272010014785 | Dr. Suthan | Vinayaka Hospital |
| 8 | 50272010014838 | Abdulkhathar | Rafa Manzil |
| 9 | 50272010014839 | Abdulkhathar | Rafa Manzil |
| 10 | 50272010014840 | Abdulkhathar | Rafa Manzil |
| 11 | 50272010016390 | ABDUL VAHID / LATHEEFA BEEVI | AL MANZIL |

| | | | |
|---|---|---|---|
| 12 | 50272010016110 | Shibi.A | Valiyakada Veedu |
| 13 | 50272010015863 | SHARAFUDEEN / SHYLA | Madeena |
| 14 | 50272010020111 | Dr. KALPANA GOPAN P | VIMOCHANA |
| 15 | 50272010020236 | Dr. Kalpana Gopan | Vimochana |
| 16 | 50272010020237 | Dr. KALPANA GOPAN P | VIMOCHANA |
| 17 | 50272010020238 | Dr. KALPANA GOPAN P | VIMOCHANA |
| 18 | 50272010022047 | DR KALPANA GOPAN | VIMOCHANA |
| 19 | 50272010016029 | Kalpana Gopan | SUSRUTHA MEDICAL CENTRE |
| 20 | 50272010000090 | R Gopinatha Pilla | Gokulam |
| 21 | 50272010000097 | SMITHA GOPAL | SNEHA |
| 22 | 50272010015776 | RETHEESH | HOSPITAL |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.66/ 28.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

1. 2021-22 വർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പ്രകാരം ഈ ഇനത്തിലെ ആകെ വരവ് 250 രൂപയാണ്.എന്നാൽ എഎഫ്എസ് പ്രകാരമുള്ള വരവ് 350/- രൂപയാണ്.
2. സഞ്ചയയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടില്ല

| ക്രമ നം. | ബിൽഡിംഗ് ഐഡി | ഉടമസ്ഥന്റെ പേര് | മേൽവിലാസം |
|---|---|---|---|
| 1 | 50272010013586 | Radha | Excel College |
| 2 | 50272010013561 | Salahudeen | Guidance Tutorials |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 68/28.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ലേലങ്ങളുടെ കുടിശ്ശിക ഈടാക്കിയിട്ടില്ല

2021-22 വർഷത്തേയ്ക്ക് നടപ്പാക്കിയ ലേലങ്ങളുടെ കുടിശ്ശിക തുക നാളിതുവരെ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ

ചേർക്കുന്നു.

| ക്രമ നം | ലേല ഇനം/ ലേല തീയതി | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ആകെ ലേല തുക (ജി.എസ്.ടി ഒഴികെ) | ഒടുക്കിയ തുക | ബാക്കിയുള്ള തുക(ജി.എസ്.ടി ഒഴികെ) |
|---|---|---|---|---|---|
| 1 | വേങ്ങോട് മാർക്കറ്റ് ഗേറ്റ് ഫീ /20.04.2021 | അബ്ദുൾ സലാം, പുതുവൽ പുത്തൻവീട്, വോങ്ങോട് | 85000 | 47600 | 37400 |
| 2 | പോത്തൻകോട് മാർക്കറ്റ് ഗേറ്റ് ഫീ/01.03.2021 | നിസാം എസ്, ഷിബിന മൻസിൽ, | 902000 | 536690 | 365310 |
| 3 | പോത്തൻകോട് പബ്ലിക് കംഫർട്ട് സ്റ്റേഷൻ/01.03.2021 | നൗഷാദ്, നവാസ് മൻസിൽ, കണിയാപുരം | 72000 | 34510 | 37490 |

2021-22 വർഷത്തേയ്ക്ക് നടപ്പാക്കിയ വിവിധ ലേലങ്ങളുടെയും പുനർലേലങ്ങളുടെയും ലേല ഡയറികളിൽ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല. ലേലങ്ങൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരവും സെക്രട്ടറിയുടെ അംഗീകാരവും ലേലഡയറിയിൽ ഉൾപ്പെട്ടിട്ടില്ല. ലേല രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് തുക രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അരിയർ ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം.49/27.12.2022). കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 മാർക്കറ്റ് സ്റ്റാൾ- വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പോത്തൻകോട് മാർക്കറ്റ് സ്റ്റാളിൽ നിന്നും 2021-22 സാമ്പത്തിക വർഷം വാടക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൾ നമ്പർ | വാടകക്കാരൻ | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 1 | അബ്ദുൾ ഖാദർ | 15050 |
| 2 | 2 | സുധീർ. | 14500 |
| 3 | 3 | റഹിം | 32000 |
| 4 | 15 | രജിത്ത് | 29000 |
| | | ആകെ | 90550 |

വാടകകുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-17 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-17-1 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)

ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 13 മുതൽ 18 വരെയുള്ള വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 18/3 | അബിദ ബീവി | പാർപ്പിടം | 200 $M^2$ |
| 2 | 16/446 | അബ്ദുൾ റഷീദ് | പാർപ്പിടം | 80 $M^2$ |
| 3 | 15/602 | അവ്വാ ഉമ്മാൾ | പാർപ്പിടം | 65 $M^2$ |
| 4 | 14/100 | ശങ്കർ | പാർപ്പിടം | 63.75 $M^2$ |
| 5 | 14/424 | രവികുമാരൻ നായർ | പാർപ്പിടം | 155 $M^2$ |
| 6 | 14/558 | വിമലദേവി | പാർപ്പിടം | 159.46 $M^2$ |
| 7 | 13/9 | രുഗ്മിണിയമ്മ | പാർപ്പിടം | 64 $M^2$ |
| 8 | 13/26 | ഹരികുമാരൻനായർ | പാർപ്പിടം | 77 $M^2$ |
| 9 | 13/171 | ലളിതമ്മ | പാർപ്പിടം | 81 $M^2$ |
| 10 | 13/306 | പാറുക്കുട്ടിയമ്മ | പാർപ്പിടം | 90 $M^2$ |
| 11 | 13/307 | രാമചന്ദ്രൻ നായർ | പാർപ്പിടം | 85 $M^2$ |
| 12 | 13/375 | ജയകുമാരി | പാർപ്പിടം | 78 $M^2$ |
| 13 | 13/328 | ശശിധരൻ നായർ | പാർപ്പിടം | 120 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/24.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-2 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പതിമൂന്നാം വാർഡിലെ ആദ്യ 200 കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഡോർ നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് -XIII | |
|---|---|
| Missing Door Number | Missing Door Number |
| 18 | 75 |
| 20 | 82 |
| 25 | 85 |
| 28 | 101 |
| 36 | 107 |
| 38 | 124 |
| 45 | 162 |

| | |
|---|---|
| 56 | 174 |
| 64 | 182 |
| 67 | 192 |
| Total - 20 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/24.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-3 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകൽ - നികുതി പുനർ നിർണയിച്ചിട്ടില്ല.

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇളവ് കാലയളവുകൾക്ക് ശേഷം നാളിതുവരെ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 14/424 | രവികുമാരൻ നായർ | 155 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |
| 2 | 1//165 | അജിതകുമാരി | 60 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/24.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-4 വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരമുള്ള ഇളവ് കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി

പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/195<br>16/196 | അബ്ദുൾ ലത്തീഫ്, മുഹമ്മദ് മൻസിൽ |
| 2 | 1/155/1<br>1/155/2 | ഓമന,ബൈജു ഭവൻ |
| 3 | 17/282<br>3/114 | ആനന്ദക്കുട്ടൻ നായർ,പള്ളിക്കൽ വീട്,കല്ലുവെട്ടി |
| 4 | 18/376<br>18/377<br>18/388 | അയിഷാ ബീവി, വിളയിൽ വീട്, വേങ്ങോട് |
| 5 | 3/399<br>3/390 | പത്മകുമാരി, ശരണ്യഭവൻ,തച്ചപ്പള്ളി |
| 6 | 2/270<br>2/271 | അജിത കുമാരി/സരളാ ദേവി അജിതാലയം |
| 7 | 15/23/1<br>16/23/1 | ശശിധരൻ ചെട്ടിയാർ, ചരുവിള വീട് |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ ഗ്രാമപഞ്ചായത്തിലെ ആദ്യ 5 വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു

| WardNO | WardName | DoorNo | SubNo | OwnerName |
|---|---|---|---|---|
| 4 | വാവറഅമ്പലം | 413 | 1 | Palani |
| 1 | മണലകം | 264 | 1 | Baby Amma |
| 1 | മണലകം | 89 | | PADMAKUMARI |
| 2 | നേതാജിപുരം | 415 | 3 | RATHEESH,S |
| 1 | മണലകം | 33 | 1 | SUBASH K |
| 2 | നേതാജിപുരം | 375 | 6 | B Baby,Sudhakumari |
| 5 | പുലിവീട് | 667 | 39 | Padmini.M |
| 5 | പുലിവീട് | 5 | 3 | Ayshath Beevi.K |
| 1 | മണലകം | 262 | 1 | SATHYABHAMA |
| 3 | തച്ചപ്പള്ളി | 215 | 1 | SUDEVAN G |
| 3 | തച്ചപ്പള്ളി | 217 | 1 | Sudhevan G |
| 3 | തച്ചപ്പള്ളി | 288 | 1 | REJITHAKUMARI |
| 3 | തച്ചപ്പള്ളി | 471 | 1 | USHAKUMARI |
| 4 | വാവറഅമ്പലം | 646 | 1 | SAJEENA.S |
| 5 | പുലിവീട് | 667 | 38 | SUBHAGAKUMARI.P |
| 4 | വാവറഅമ്പലം | 296 | 1 | SINDHU.V |
| 2 | നേതാജിപുരം | 48 | 2 | K.VIJAYAKUMAR |
| 2 | നേതാജിപുരം | 48 | 3 | SURESH.A |
| 2 | നേതാജിപുരം | 381 | 5 | MANIYANASSARI |
| 5 | പുലിവീട് | 667 | 40 | MOHANAN S |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 31/26.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-5 പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ നികുതി പൂർണ്ണമായും ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പൊളിച്ചുനീക്കിയ അർദ്ധവർഷം വരെയുള്ള നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ഫയൽ നം/അപേക്ഷ തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | നികുതി ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | 134/ 31.03.2021 | 11/134/a | മറിയം | പാർപ്പിടം | 80 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 224/- |
| 2 | A3/5427/2021 25.03.2022 | 9/260/3 | റസീയ ബീവി എൻ | പാർപ്പിടം | 43 $M^2$ | 2020 രണ്ടാം അർദ്ധവർഷം മുതൽ | 448/- |
| 3 | B3/2265/21 16.12.2021 | 4/536 | അസനാരു പിള്ള | പാർപ്പിടം | 40 $M^2$ | 2020 ഒന്നാം അർദ്ധവർഷം മുതൽ | 128/- |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ അപേക്ഷകളും, ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 32/26.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-6 സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 01.04.2013 ന് മുൻപ് നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. 1993 ലെ വാർഡ് നിർണയത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളെ 2013 ലെ വാർഡ് നിർണയം പ്രകാരം 01.04.2013 മുതലുള്ള നികുതി നിർണയം നടത്തിയിട്ടില്ല. (ഫാറം 6 സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല.)

| Sl NO | Building ID | Ward Year | Ward Number | Door Number | Sub No | Ownername | File Status |
|---|---|---|---|---|---|---|---|
| 1 | 50272010022031 | 2013 | 1 | 551 | 1 | NIL | DE Started |
| 2 | 50272010020895 | 2013 | 5 | 250 | 2 | NIL | DE Started |
| 3 | 50272010020603 | 2013 | 6 | 290 | 3 | NIL | DE Started |
| 4 | 50272010019727 | 2013 | 10 | 73 | | RADAMMA | DE Ongoing |
| 5 | 50272010019732 | 2013 | 10 | 87 | | NIL | DE Started |
| 6 | 50272010019841 | 2013 | 10 | 132 | | J, SABEENA BEEVI | Approved |
| 7 | 50272010019844 | 2013 | 10 | 160 | | APPUKUTTAN | Approved |
| 8 | 50272010019845 | 2013 | 10 | 208 | | NIL | DE Started |
| 9 | 50272010019863 | 2013 | 10 | 345 | | NIL | DE Started |
| 10 | 50272010021960 | 2013 | 10 | 474 | | Kanakamma | Verification Pending |
| 11 | 50272010001797 | 2013 | 11 | 191 | | Sarala | DE Ongoing |
| 12 | 50272010004511 | 2013 | 11 | 765 | | Gowri Amma | DE Ongoing |
| 13 | 50272010011807 | 2013 | 11 | 514 | | Sudhan | DE Ongoing |
| 14 | 50272010019536 | 2013 | 15 | 322 | 1 | NIL | DE Started |
| 15 | 50272010019782 | 2013 | 17 | 218 | | RADHA/ KAUSALYA | Approved |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 50272010019785 | 2013 | 17 | 243 | | SURESH | Approved |
| 17 | 50272010019786 | 2013 | 17 | 244 | | P Suni | Approved |
| 18 | 50272010010974 | 1993 | 1 | 72 | 1 | Sobhana Kumari,Sobhana Kumari | DE Ongoing |
| 19 | 50272010018178 | 1993 | 1 | 609 | 3 | Padmakumaran Nair | DE Ongoing |
| 20 | 50272010018179 | 1993 | 1 | 609 | 4 | Padmakumaran Nair | DE Ongoing |
| 21 | 50272010017949 | 1993 | 2 | 415 | 2 | A.Shajeer,Naseeha Beevi | DE Ongoing |
| 22 | 50272010020386 | 1993 | 2 | 186 | 1 | NIL | DE Started |
| 23 | 50272010008852 | 1993 | 3 | 261 | 1 | Abdul Rahim | DE Ongoing |
| 24 | 50272010017980 | 1993 | 3 | 523 | 2 | Sajan.S.G | DE Ongoing |
| 25 | 50272010018298 | 1993 | 3 | 526 | 2 | Saji,Arya | DE Ongoing |
| 26 | 50272010010916 | 1993 | 4 | 41 | 1 | Sharafudheen | DE Ongoing |
| 27 | 50272010017711 | 1993 | 6 | 66 | 3 | Secretary | DE Ongoing |
| 28 | 50272010018143 | 1993 | 6 | 580 | 3 | Kavitha | DE Ongoing |
| 29 | 50272010018232 | 1993 | 6 | 40 | 2 | Vinod.M | DE Ongoing |
| 30 | 50272010018343 | 1993 | 6 | 792 | 4 | C.Babu | DE Ongoing |
| 31 | 50272010004702 | 1993 | 7 | 580 | | Asuma Beevi | DE Ongoing |
| 32 | 50272010005518 | 1993 | 7 | 418 | 2 | Nirmalanandan | DE Ongoing |
| 33 | 50272010006742 | 1993 | 9 | 48 | | K. R. Sulekha | For Approval |
| 34 | 50272010008014 | 1993 | 9 | 488 | | J. Chellamma | DE Ongoing |
| 35 | 50272010010996 | 1993 | 9 | 284 | 1 | Mother General | For Approval |
| 36 | 50272010019996 | 1993 | 9 | 745 | | NIL | DE Started |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/24.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ ഫാറം 6 പ്രകാരമുള്ള വസ്തു നികുതി നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-7 അനധികൃത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 235(എ എ) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം

വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, 235 ഡബ്ല്യു വകുപ്പ് പ്രകാരം അങ്ങനെയുള്ള ആൾക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നതല്ലാത്തതും ഈ വകുപ്പ് പ്രകാരം സെക്രട്ടറി എടുത്ത ഏതെങ്കിലും നടപടിമൂലം ഏതെങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിന് ഉടമസ്ഥന് അവകാശ മുണ്ടായിരിക്കുന്നതല്ലാത്തതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 235-ാം വകുപ്പിൽ അനു ശാസിക്കുന്ന പ്രകാരമുള്ള കെട്ടിടനമ്പർ നൽകുവാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതുമാണ്. പ്രത്യേക നമ്പർ നൽകുന്നതിലുണ്ടാകുന്ന യാതൊരു കാലതാമസവും (1)-ാം ഉപവകുപ്പപ്രകാരം മുൻകാല പ്രാബല്യത്തോടുകൂടി വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല. നിയമാനുസൃതേ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി പരിപാലിച്ച് പോരേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളിൽ മേൽ വ്യവസ്ഥകൾ പാലിക്കുന്നില്ല. അനധികൃത നിർമ്മാണം പൂർത്തീകിരിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47/26.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-17-8 വാണിജ്യ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 45/- രൂപ നിരക്കിൽ വസ്തു നികുതി നിർണയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| Building ID | Door NO | Owner Name | Area($m^2$) |
|---|---|---|---|
| 50272010020436 | 6/11/3 | SALAHUDHEEN | 185.67 |
| 50272010019316 | 6/15/3 | ABDUL HAKKIM /NUSRATH BEEGUM | 125.73 |
| 50272010021931 | 6/109/1 | E NIZARUDEEN | 309.9 |
| 50272010021932 | 6/109/2 | E NIZARUDEEN | 283.3 |
| 50272010021933 | 6/109/3 | E NIZARUDEEN | 399.1 |
| 50272010019394 | 6/112/3 | Abdul Kabeer | 212.66 |
| 50272010021327 | 6/1086/3 | Preetha P R & P R Priya | 118.56 |
| 50272010021332 | 6/1086/9 | Preetha P R & P R Priya | 108.63 |
| 50272010017907 | 6/1364/2 | MOHAMMED RAMEES | 225 |
| 50272010017910 | 6/1364/5 | MOHAMMED RAMEES | 250 |
| 50272010021429 | 10/354/5 | A. SAVITHRI AMMA | 103.69 |
| 50272010021430 | 10/354/6 | A. SAVITHRI AMMA | 101.47 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/24.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-9 ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ നിന്നും ഡിമാൻറില്ലാതെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ 2,11 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 2/2 | ദാമോദരൻ | പാർപ്പിടം | 64 $M^2$ | 951/- |
| 2 | 11/138 | പ്രതാപൻ | പാർപ്പിടം | 128 $M^2$ | 246/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/26.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-10 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കീഴിലുള്ള വിവിധ കെട്ടിടങ്ങളെ സർക്കാർ അംഗീകാരമുള്ള സ്ഥാപനം എന്ന് തെറ്റായി രേഖപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ് | കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|
| 7 | 250/4,5,6,7 | താജുദ്ദീൻ/ സീനത്തുബീവി നിസാമിയ പബ്ലിക് സ്കൂൾ | വിദ്യാഭ്യാസം | സർക്കാർ അംഗീകാരമുള്ള ഹയർസെക്കൻററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനം - വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ (സെ. 207 (1 (ബി എ) ) |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/24.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-11 ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ 2021-22 വർഷത്തെ വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| Building ID | Door NO | Owner Name | Owner Address |
|---|---|---|---|
| 50272010019147 | 4/100/1 | ASSISTANT GENERAL MANAGER | BSNL TELECOM DISTRICT |

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2021 | Ist Half | 6045.00 | 303.00 | 6348.00 |
| 2 | 2021 | IInd Half | 6045.00 | 302.00 | 6347.00 |

| | |
|---|---|
| Total | 12695 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 33/26.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-12 വാണിജ്യ കെട്ടിട നിർമ്മാണം ചട്ടവിരുദ്ധമായി ക്രമവൽക്കരിച്ചു നൽകി

| | |
|---|---|
| ഫയൽ നമ്പർ | A3/4785/2021 തീ.29.04.2021 |
| കെട്ടിട ഉടമ | ശ്രീമതി തസ്നീം |
| കെട്ടിട നമ്പർ | 6/554/1,2,3,5 |
| ഉപയോഗക്രമം | വാണിജ്യകെട്ടിടം |
| വിസ്തീർണം | 464.87 $M^2$ |
| സർവ്വേ നം | 8/10 |
| പെർമിറ്റ് നം | A3-4887/2020 തീ.05.01.2021 |

കെട്ടിട ഉടമയുടെ നിലവിലുള്ള 6/554/1,2,3 നമ്പർ വാണിജ്യ കെട്ടിടങ്ങൾക്ക് 89.54 ച.മീ കൂട്ടിച്ചേർക്കൽ വരുത്തുന്നതിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കെട്ടിടത്തിന്റെ നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം 05.07.2021 ൽ സമർപ്പിച്ച പരിശോധന റിപ്പോർട്ട് പ്രകാരം 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമല്ല കെട്ടിടത്തിനോട് ചേർന്നുള്ള (സൈഡ് യാഡ്) ഗ്രാമപഞ്ചായത്ത് റോഡുമായി കെട്ടിടത്തിന്റെ ദൂരം, എന്ന് വ്യക്തമാക്കിയിട്ടുണ്ട്. (പരിശോധനയിൽ കണ്ടെത്തിയ ദൂരം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല). കൂടാതെ കെട്ടിടത്തിന്റെ Front Projection പാസേജായി ഉപയോഗിക്കുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൈഡ് യാഡിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡിന് വീതി കൂട്ടിയത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് റോഡിന്റെ വീതി കൂടിയതിനാലാണ് സൈഡ് യാഡിൽ 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ദൂരം ലഭിക്കാത്തത് എന്ന കാരണത്താൽ 19.03.2022 തീയതിയിൽ സെക്രട്ടറി മേൽ നിർമ്മാണം അംഗീകരിച്ച് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. 05.01.2021 തീയതിയിൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ച ശേഷം സൈഡ് യാഡിലെ ഗ്രാമപഞ്ചായത്തിന്റെ റോഡിന് വീതി കൂട്ടി നിർമ്മിച്ചതിന്റെ രേഖകൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (71/28.12.2022)മറുപടിയും ലഭ്യമാക്കിയിട്ടില്ല.

2)കെട്ടിട നിർമ്മാണത്തിന്റെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം 77 ച.മീറ്റർ ആണെന്നും (കെട്ടിട നം.6/554/1,2,3)എന്നാൽ സഞ്ചയയിലെ വിസ്തീർണം 51 ച.മീറ്റർ മാത്രമാണെന്നും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം 01.11.2021 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയയിൽ കെട്ടിടങ്ങളുടെ വിസ്തീർണം കൂട്ടിച്ചേർത്ത് പ്യൂരിഫിക്കേഷൻ മാത്രമാണ് നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവത്കരിച്ച് ഫീസ് ഈടാക്കിയിട്ടില്ല. കൂടാതെ 2021-22 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (71/28.12.2022) മറുപടിയും ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ടും രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-18 വിനോദ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

കേരള ധനകാര്യ നിയമം 2019, വകുപ്പ് 6 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിനോദ നികുതി പുനസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. സ.ഉ(കൈ).112/2019/തസ്വഭവ തീ.31.08.2019 പ്രകാരം ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റിന് അനുസൃതമായി തൊട്ടടുത്തമാസം 30ാം തീയതിയ്ക്കുള്ളിൽ തീയേറ്ററുകളിൽ നിന്നും വിനോദ നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എം.ടി സിനിപ്ലെക് എന്ന തീയേറ്ററിൽ നിന്നും 2021-22 വർഷം വിനോദ നികുതി ഈടാക്കിയിട്ടില്ല. വിനോദ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല(എൻക്വയറി നം.49/27.12.2022). വിനോദ നികുതി തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി വിവിധ അപാകങ്ങൾ

2021-22 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-19-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2021-22 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ ഒൻപതു കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ. 59ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-19-2 കല്യാണ മണ്ഡപങ്ങൾ-ഹാളുകൾ-സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹങ്ങൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റോറിയം, ഹാൾ എന്നീ ഉപയോഗക്രമത്തിലാണ് പ്രസ്തുത കെട്ടിടങ്ങൾ

1.രാജശ്രീ ആഡിറ്റോറിയം, പോത്തൻകോട്.

2.MT ഹാൾ, പോത്തൻകോട്.

3.J.K ഓഡിറ്റോറിയം, പോത്തൻകോട്.

4.ക്രസന്റ് ഓഡിറ്റോറിയം, പോത്തൻകോട്.

5.ബാലഭദ്രാദേവി ഓഡിറ്റോറിയം, പോത്തൻകോട്.

6.പണിമൂല ദേവി ക്ഷേത്രം ഓഡിറ്റോറിയം, പോത്തൻകോട്.

7.SNDP ഹാൾ, പോത്തൻകോട്.

മേൽ സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററുകളിലോ തൊഴിൽ നികുതി രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.65) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

### 1-19-3 സിനിമാശാലകൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സിനിമാശാലകൾ പ്രതിവർഷം, 2500/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ സിനിമാ പ്രദർശനം നടന്നിട്ടുള്ളതായി വിനോദ നികുതി രജിസ്റ്ററിൽ രേഖപ്പെ ടുത്തിയിരിക്കുന്നു.

1.M.T സിനിമാസ്.

2.H.K.സിനിമാസ്.

എന്നാൽ ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.65) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന്1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

### 1-19-4 വ്യാപാര സ്ഥാപന ങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം വ്യാപാര സ്ഥാപനങ്ങൾ വിറ്റുവരവിനനുസൃതമായി സ്ഥാപനതൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കിയിട്ടുള്ളതായി , ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമനം | ഉടമയുടെ പേര് | സ്ഥാപനം | വാർഡ് | ലൈസൻസ് |
|---|---|---|---|---|

| | | | | നം. |
|---|---|---|---|---|
| 1 | കമലാക്ഷി | പെട്രോൾ പമ്പ് | XI | 844 |
| 2 | കെ.വാസുദേവൻ | സാമിൽ | XI | 845 |
| 3 | മഹേഷ്.ബി. | ജ്വവലറി | IV | 889 |
| 4 | ഷാജി.എസ്.എസ്. | ഹീറോഹോണ്ട ഷോറൂം. | VI | 910 |
| 5 | നിസ്സാം.ജെ | ജ്വവലറി,ഗൃഹോപകരണങ്ങൾ | VI | 983-989 |
| 6 | സുഹൈൽ മുഹമ്മദ് | യൂസ്ഡ് കാർ | XIV | 214 |
| 7 | ഷാജി | സാമിൽ | VI | 17 |
| 8 | ബി.ഗോവിന്ദൻ | ജ്വവലറി | VI | ലഭ്യമല്ല |
| 9 | ഹാരിസ് മുഹമ്മദ് | പെട്രോൾ പമ്പ് | VII | 48 |
| 10 | ആലിഫ് സെയിൻ | ജ്വവലറി | VI | 104 |
| 11 | മുഹമ്മദ് സിദ്ദിഖ് | യൂസ്ഡ് കാർ | XIV | 175 |
| 12 | K.H.മുഹമ്മദ് മൌലവി | റൂം വാടകയ്ക്ക് | VI | 354 |

ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് ആനുപാതികമായി രജിസ്റ്ററിൽ രേഖപ്പെടുത്തൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.73) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-19-5 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഉയർന്ന വിറ്റുവരവുള്ള സ്ഥാപനങ്ങൾ പ്രതിവർഷം, 2500/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി,തൊഴിൽ നികുതി രജിസ്റ്ററിലോ, സ്റ്റേറ്റ്മെന്റിലോ രേഖപ്പെ ടുത്തൽ ഇല്ല

1.അറേബ്യൻ ഫാഷൻ ജ്വവലറി

2.ICICI ബാങ്ക്

3.ICL Fincorp

4.DDRC-SRL

ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല.ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 57) മറുപടി ലഭ്യമായില്ല.ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-19-6 തൊഴിൽ നികുതി-കുറഞ്ഞ നിരക്കിൽ അടച്ചിരിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ,ചട്ടം3(2) മുതൽ 3(11)വരെ എന്നിവ പ്രകാരം ഡോക്ടർമാർ പ്രതിവർഷം 2500/- രൂപ നിരക്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.എന്നാൽ താഴെപറയുന്ന ഡോക്ടർമാർ കുറഞ്ഞ നിരക്കിലാണ് നികുതി അടച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 59) മറുപടി ലഭ്യമായില്ല. ടി വ്യക്തികളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | പേര് | അടച്ച നികുതി(രൂ) |
|---|---|---|---|
| 1 | കാരുണ്യ ഹോസ്പിറ്റൽ & ഡയബറ്റിക് | ഡോ.ജിജി വേണുഗോപാൽ | 750 |

| | | | |
|---|---|---|---|
| | സെന്റർ | | |
| 2 | മോഡേൺ സ്മൈൽകെയർ ഡെന്റൽ ക്ലിനിക് | ഡോ.അലക്സാണ്ടർ K.A. | 1000 |
| 3 | മോഡേൺ സ്മൈൽകെയർ ഡെന്റൽ ക്ലിനിക് | ഡോ.ദിവ്യാ.J.O | 750 |

## 1-19-7 സ്ഥാപനങ്ങൾ തൊഴിൽ നികുതി-അടച്ചിട്ടില്ല

പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ, സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയോ, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1.BSNL
2.H.K സിനിമാസ്
3.J.Kഓഡിറ്റോറിയം
4.M.T.സിനിമാസ്
5.Dr.സൂരാജ് ക്ലിനിക്
6.മേരിറാണി പോപ്പുലർ നിധി ലി.
7.വിക്ടോറിയാ ഹോട്ടൽ
8.നിർമ്മലാ ടെക്സ്റ്റയിൽസ്
9.സിന്റാക്സ്.
10രാജശ്രീ കൺവെൻഷൻ സെന്റർ
11.മഹീന്ദ്രാ ഫിനാൻസ്
12.ഓട്ടോസർവ്വീസ്& ഡീലർ

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 58) മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്ന്1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം,ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-19-8 തൊഴിൽ നികുതി-ഭാഗികമായി ഈടാക്കിയിരിക്കുന്നു.

A)പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷം മാത്രമേ ,സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളു.
1.കാരുണ്യാ ഹോസ്പിറ്റൽ
2. ഗ്രീൻമാർട്ട് വെജിറ്റബിൾസ്.
B)പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷം മാത്രമേ ,സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളു.
1.റിലയൻസ് റീട്ടെയിൽ
2.KLM-Axiva-Fincorp
3.പോത്തൻകോട് ഓട്ടോസർവ്വീസ്
4.സഫ ഹോസ്പിറ്റൽ
5.S.R. ക്ലിനിക്
6.ശ്രീനാരായണ ഗുരുകൃപാ B.Ed. കോളജ്
7.ഇൻഡസ്-ഇൻഡ് ബാങ്ക്
8.സ്റ്റൈൽ വുഡ് ഇൻഡസ്ട്രീസ്
9.ബിവറേജസ് കോർപ്പറേഷൻ
ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 70) മറുപടി ലഭ്യമായില്ല.
ടി സ്ഥാപനങ്ങളിൽ നിന്ന്1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങൾ, എന്നിവ പ്രകാരമുള്ള തൊഴിൽ നികുതി പൂർണ്ണ നിരക്കിൽ ഈടാക്കേണ്ടതാണ്.

## 1-20 വക്കീൽ ഫീസ്-ആദായ നികുതി ഈടാക്കേണ്ടതാണ്

2021-22 വർഷം ശ്രീ.ജയകമാർ എന്നയാൾക്ക് വിവിധ കേസുകളിൻമേലുള്ള വക്കീൽ ഫീസായി ആകെ 75,000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നല്കിയ തുക(രൂപ) | വൗച്ചർ നം, തീയതി. |
|---|---|---|
| 1 | 22100297/6-8-21 | 30000 |
| 2 | 22100186/25-11-21 | 15000 |
| 3 | 22100186/25-11-21 | 5000 |
| 4 | 22100187/25-11-21 | 15000 |
| 5 | 22100189/25-11-21 | 5000 |
| 6 | 22100188/25-11-21 | 5000 |
| 7 | ആകെ | 75000 |

ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം 30,000/- രൂപയിൽ കൂടുതൽ വക്കീൽ ഫീസായി നൽകുന്ന വേളയിൽ നിയമാനുസൃതമായ നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. ഇവിടെ ടി നിയമം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നം.7ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് കൃത്യമായി മറുപടി നൽകേണ്ടതും ആദായ നികുതി നിയമം അനുസരിച്ച് ടി.ഡി.സ് ഈടാക്കിയ ശേഷം മാത്രം ഫീസ് നല്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 താത്കാലിക നിയമനം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കണം

വൌച്ചർ നം. 22100315/13-8-21 പ്രകാരം, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഓഫീസ് അസിസ്റ്റന്റ് ശ്രീമതി.ഷീലാദേവിക്ക് ജൂലൈ മാസത്തെ വേതനമായി 6795/-രൂപയും, ഡേറ്റാ എൻട്രി ഓപ്പറേറ്റർ ശ്രീമതി. അമൃതക്ക് 12835/- രൂപയും നല്കിയിട്ടുണ്ട്. വൌച്ചർ നം. 22100169/22-6-21 പ്രകാരം, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർ ശ്രീ.ജയക്കുട്ടിക്ക് മെയ് മാസത്തെ വേതനമായി 6795/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികളെ 5-2-14 ലെ 25941/G2/2013/LBR നം സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നിയമനം നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8)മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ താത്കാലിക നിയമനം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 വെള്ളക്കരം-കുടിശ്ശിക-അപാകത പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 85452/-രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 186 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2021 മെയ് മാസത്തെ ബിൽ പ്രകാരം,Closing Balance As On30/4/21 - 10884രൂപയും, Demand For The Month 85452/- രൂപയും , ഫൈൻ 213/- രൂപയും ചേർത്ത് ആകെ Amount Payable 96549/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 85452/- രൂപ തന്നെയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. 2021 ജൂലൈ മാസത്തെ ബിൽ പ്രകാരം, Closing Balance As On 30/6/21-96767/- രൂപയും, Demand For The Month 85452/-രൂപയും, ഫൈൻ 1931/- രൂപയുംചേർത്ത് ആകെ Amount Payable 184150/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽഗ്രാമപഞ്ചായത്ത്,തൻമാസ തുകയായ 85452/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിൽ 186 ടാപ്പുകൾ ഉണ്ടെന്നു കണ്ടെത്തിയതായി ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ഒറ്റത്തവണ തീർപ്പാക്കലിന് നടപടി സ്വീകരിച്ചിട്ടുള്ളതായി ടി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വെള്ളക്കരം കടിശ്ശിക പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ-കാലികമല്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ).പണിമൂല വാർഡിൽ പുന്നവിള-പുല്ലുവിളാകം റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ജനറൽ കമ്മിറ്റിയുടെ 17/1/22 ലെ തീരുമാനം നം.3(4) പ്രകാരം,അസി.എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തീരുമാനം നടപ്പിലായിട്ടില്ല.

ബി) ബഡ്സ് സ്കൂളിനായി MLA ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വാഹനം ആസ്തി രജിസ്റ്ററിൽഉൾപ്പെടുത്തിയില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 36ന് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവു നായ്ക്കളുടെ പരിപാലനത്തിന് പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ 2190 നായകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ലൈസൻസുള്ള നായകളുടെ എണ്ണം 10 ആണ്. തെരുവ് നായകൾ 579 എണ്ണമാണുള്ളത്. അതിൽ ABC ശസ്ത്രക്രിയ നടത്തിയിട്ടുള്ളത് 50 എണ്ണത്തിനാണ്. പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഏറ്റവും കൂടുതൽ തുക അനുവദിച്ചിട്ടുള്ളത്, തെരുവ് നായകളുടെ കടിയേറ്റതിനുള്ള തുടർ ചികിത്സയ്ക്കാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം തെരുവു നായ്ക്കളുടെ പരിപാലനത്തിന് പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം38 ന മറുപടി ലഭ്യമാക്കിയില്ല. തെരുവു നായ്ക്കളുടെ പരിപാലന കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## 1-25 പഠനമുറി നിർമ്മാണം - അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | S0133/22 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 575000(വി.ഫ.) |
| ചെലവ് | 185000 |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീ. 14.02.2018 സബ്സിഡി മാർഗരേഖ അനുബന്ധ ഉത്തരവ് പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിക്കേണ്ടത്. അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ സമർപ്പിച്ച എസ്റ്റിമേറ്റ് , വാല്യുവേഷൻ സർട്ടിഫിക്കറ്റ് , നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതാത് ഘട്ടങ്ങളിൽ നടത്തേണ്ടതായ മോണിറ്ററിംങ്ങിന്റ റിപ്പോർട്ടും ലഭ്യമായില്ല .ആയതിനാൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണോ നിർമ്മാണം നടത്തിയത് എന്നത് വ്യക്തമല്ല. വിവിധ അപേക്ഷകളോടൊപ്പം ഹാജരാക്കാത്ത രേഖകൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കെട്ടിട നമ്പർ | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | ആര്യനന്ദ D/O ജയൻ | PP18/725 | നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി, കരാറിൽ ഒപ്പ്, കരാർ വ്യവ്വസ്ഥകൾ എന്നിവയുടെ രേഖപ്പെടുത്തൽ ഇല്ല |

| | | | |
|---|---|---|---|
| | സൂരജ് ഭവൻ,വേങ്ങോട്<br>കുടവൂർ P.O | | |
| 2 | അനുശ്രീ<br>എസ്.എസ് ഭവൻ<br>ചിത്രാഞ്ജലി<br>മഞ്ഞുമല P.O | PPXVII/414 | വാലുവേഷൻ സർട്ടിഫിക്കറ്റ് , നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി,കരാറിൽ ഒപ്പ്, കരാർ വ്യവസ്ഥകൾ എന്നിവയുടെ രേഖപ്പെടുത്തൽ ഇല്ല |
| 3 | അഭിരാമി<br>D/O അനിൽകുമാർ<br>തിരുവാതിര,പേരൂത്തല<br>പോത്തൻകോട് | No.206/ward 10 | വാലുവേഷൻ സർട്ടിഫിക്കറ്റ് , നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി,കരാറിൽ ഒപ്പ്, കരാർ വ്യവസ്ഥകൾ എന്നിവയുടെ രേഖപ്പെടുത്തൽ ഇല്ല |

2)2019-20 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായാണ് മേൽ പദ്ധതി നടപ്പാക്കിയത്. എന്നാൽ 2021-22 വർഷവും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന മേൽ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

3) മേൽ പട്ടികയിലെ ഗുണഭോക്താക്കൾ നിർമ്മിച്ച മുറിയുടെ വിസ്തീർണം നാളിതുവരെ സഞ്ചയയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടങ്ങളുടെ നികുതിപുനർനിർണയം നടത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(16/23.12.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കേണ്ട രേഖകൾ കൃത്യമായും ഫയലിൽ സൂക്ഷിക്കേണ്ടതും ലഭ്യമാക്കാത്ത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-26 ന്യൂലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S0137/22 |
| പ്രോജക്ടിന്റെ പേര് | ന്യൂലൈഫ് ഭവന പദ്ധതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ II |
| അടങ്കൽ | 800000(400000/- ബ്ലോ.പ 400000 ജി.പ/-) |
| ചെലവ് | 550000(150000+ 400000 ) |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം . 2020 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായാണ് പ്രോജക്ട് നടപ്പാക്കിയത്. 2021-22 വർഷം പേരൂത്തല ലക്ഷം വീട് കോളനിയിലെ ആറ് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചെങ്കിലും 4 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി അനുവദിച്ചപ്പോൾ പ്രോജക്ട് മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഘട്ടം | അനുവദിക്കേണ്ട തുക | അനുവദിച്ച തുക |
|---|---|---|
| എഗ്രിമെൻറ് വെക്കുമ്പോൾ | 40000 | 75000 |
| സാധനങ്ങൾ ഇറക്കി പണി തുടങ്ങുമ്പോൾ | 60000 | 50000 |

| | | |
|---|---|---|
| തുടർപണികൾ ചെയ്യുന്നതിനായി (നൽകിയ തുക ചെലവ് ചെയ്യുന്ന ക്രമത്തിൽ) | 80000 | 50000 |
| പണിപൂർത്തീകരണ അവസാനഘട്ടത്തിൽ | 20000 | 25000 |

2) പ്രോജക്ട് മാർഗരേഖ പ്രകാരം മെയിന്റനൻസ് നടത്തുന്നതിന്റെ ഓരോ സ്റ്റേജും വി.ഇ.ഓ സർട്ടിഫൈ ചെയ്യേണ്ടതുണ്ട്. എന്നാൽ വീട് മെയിന്റനൻസ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ എല്ലാ ഗുണഭോക്താക്കൾക്കും തുടർ ഗഡുക്കൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

3)ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചെയർപേഴ്സണായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം പണി പൂർത്തീകരിച്ച് , അവസാനഗഡു നൽകിയ ശേഷം പ്രസ്തുത വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കണം. എന്നാൽ ശ്രീമതി. അംബിക ആർ, ശ്രീമതി. ശാരദ ടി എന്നവരുടെ ഭവന പുനരുദ്ധാരണ പ്രവർത്തി പൂർത്തികരിച്ചെങ്കിലും ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ശ്രീമതി. അനിത, ശ്രീമതി. സുധർമ്മ, ശ്രീമതി. കൈരളി, ശ്രീമതി. സുമ എന്നീ ഗുണഭോക്താക്കൾ Valuation സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലും നാലാം ഗഡു നൽകി പ്രൊജക്ട് പൂർത്തികരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 03/22.12.2022 ന് ലഭിച്ച മറുപടിയിൽ പൂർത്തീകരിച്ച വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മറ്റ് അപാകങ്ങൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വിവിധ ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ തുകകൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വിലാസം | വിഭാഗം | കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|
| 1 | ശ്രീകുമാർ/അമ്പിളി | പുതുവൽ പുത്തൻവീട്, മാവറക്കോണം | പട്ടികജാതി | 09.11.2020 | 40000 |
| 2 | ശ്രീജിത്ത്/ഷൈനി വർഗ്ഗീസ് | അജിത്ത് ഭവൻ, വോങ്ങോട് | ജനറൽ | 04.01.2019<br>27.02.2019 | 40000<br>160000 |
| 3 | ജിബു/രാജി | കുന്നുകാട് ലക്ഷം വീട്, കോയ്ക്കൂർക്കോണം | പട്ടികജാതി | 04.02.2021<br>16.10.2021 | 40000<br>160000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 44/26.12.2022 ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും തുക തിരികെ ഒടുക്കിയിട്ടില്ലെന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 ഭവന പുനരുദ്ധാരണം - പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | S0135/22 |
| പ്രോജക്ടിന്റെ പേര് | ഒന്നാം വാർഡ് മണലകം വീട് മെയിന്റനൻസ് |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 300000(വി.ഫ) |
| ചെലവ് | 200000 |

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന വ്യക്തികളുടെ വീട്

പുനരുദ്ധാരണത്തിന് ധന സഹായമായ ഒരു ലക്ഷം രൂപ നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി 2019-20 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായാണ് നടപ്പാക്കിയത്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ടിന്റെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം വീട് മെയിന്റനൻസിന് അനുവദിക്കുന്ന തുക പ്രസ്തുത പണിക്കുമാത്രമേ വിനിയോഗിക്കുകയുള്ളുവെന്നും 2 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ശോഭന, ഷിബു ഭവൻ എന്ന വ്യക്തി ഗ്രാമപഞ്ചായത്തുമായി 28.11.2019 ൽ കരാർ ചമയ്ക്കുകയും പദ്ധതിയുടെ ആദ്യ ഗഡു തുകയായ 50000/- രൂപ 2019-20 സാമ്പത്തിക വർഷം കൈപ്പറ്റുകയും ചെയ്തിരുന്നു. രണ്ടാം ഗഡു തുക 2021-22 വർഷം മാത്രമാണ് നൽകിയിട്ടുള്ളത്. മെയിന്റനൻസ് രജിസ്റ്ററിൽ മേൽ വ്യക്തിക്ക് തുക നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2)ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണന ക്രമത്തിലല്ല പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത്. ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നൽകിയ അറിയിപ്പും ഫയലും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവറായി നടപ്പാക്കുന്ന പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണെമെന്ന വ്യവസ്ഥ മേൽ പ്രോജക്ടിൽ പാലിക്കപ്പെട്ടിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 39/26.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല, സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 കാർഷിക പ്രോജക്ടുകൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല

2021-22 വർഷം കൃഷി ഓഫീസറുടെ നിർവ്വഹണത്തിൽ ചുവടെചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | Soo 72/22 | കേദാരം സമഗ്ര നെൽകൃഷി വികസനം | 52200 |
| 2 | Soo 67/22 | ഫലവൃക്ഷത്തൈ നട്ടു പരിപാലിക്കൽ | 155200 |
| 3 | Soo 63/22 | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി | 175000 |
| 4 | So 61/22 | ജലസേചന പമ്പ് സെറ്റ് വിതരണം | 1080000 |
| 5 | So 54/22 | സമഗ്ര പുരയിട കൃഷി | 914000 |

പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018] വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്നും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതികളുടെ വിലയിരുത്തൽ കാര്യക്ഷമമായ രീതിയിൽ നടത്തിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ഫലപ്രദമായ മോണിറ്ററിങ് അനിവാര്യമാണ്.

## 1-30 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 172/2021-22 |
| പ്രോജക്ടിന്റെ പേര് | കൃഷി ഓഫീസിലെ അനുബന്ധചെലവുകൾ |
| അടങ്കൽ | 44551/-(മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്) |
| ചെലവ് | 44551/- |
| നിർവ്വഹണം | അഗ്രികൾച്ചർ ഓഫീസർ |

(1)

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് വാങ്ങിയ അപേക്ഷ ഫോം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. വിശദാംശം ഉൾപ്പെടുത്തുന്നു

| ക്രമ നം. | സ്ഥാപനം | ഇനം | എണ്ണം | ബിൽ നം./തീയതി | തുക |
|---|---|---|---|---|---|
| 1. | Final Cut Studio | Application Form Printing(double Side) | 2000 | 3925/25.2.22 | 2500 |
| 2 | Final Cut Studio | Application Form Printing | 4000 | 3924/25.2.22 | 3600 |

(2) കേദാരം സമഗ്ര നെൽകൃഷി വികസനം - വിത്ത് വിതരണം നടത്തിയതിന് രേഖകളില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 72/2021-22 |
| പ്രോജക്ടിന്റെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 52200/- (വികസന ഫണ്ട് - 27200<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 8500<br>ജില്ലാ പഞ്ചായത്ത് വിഹിതം - 8500<br>മറ്റുള്ളവ - 8000) |
| ചെലവ് | 52200/- |
| നിർവ്വഹണം | അഗ്രികൾച്ചർ ഓഫീസർ |

നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിത്ത് 100% സബ്സിഡി നിരക്കിലും ജൈവവളം, കുമ്മായം, ജൈവകീടനാശിനി എന്നിവ 75% സബ്സിഡി നിരക്കിലും കർഷകർക്ക് വാങ്ങി നൽകുക എന്നതാണ് പ്രോജക്ട്. എന്നാൽ പ്രോജക്ടിന്റെ പ്രധാന ഭാഗമായ വിത്ത് വാങ്ങിയതിനും വിതരണം ചെയ്തതിനും രേഖകളില്ല.വിത്ത് വിതരണം ചെയ്യാതെ ജൈവവളം, കുമ്മായം, ജൈവകീടനാശിനി എന്നിവ 75% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകിയതിന്റെ ഉദ്ദേശം വ്യക്തമല്ല.പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ലാത്തതിനാൽ 52200/- രൂപ ചെലവഴിച്ച് നടപ്പാക്കിയ ഈ പ്രോജക്ട് എത്രത്തോളം വിജയകരമായിരുന്നുവെന്നും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.കൂടാതെ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ള ഷറഫുദ്ദീൻ.എ, സനിൽകുമാർ.ജി എന്നിവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.5/22.12.22) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാലാവധിയ്ക്കു ശേഷവും വെറ്ററിനറി മരുന്ന് ഉപയോഗിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 50/22 |
| പദ്ധതി അടങ്കൽ | 400000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 400000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പ്രോജക്ടിന്റെ ഭാഗമായി 4 സ്ഥാപനങ്ങളിൽ നിന്നായി ആകെ 400000/- രൂപയുടെ മരുന്നുകളാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. എന്നാൽ പർച്ചേസ് ചെയ്ത ചുവടെ പറയുന്ന മരുന്നുകൾ കാലാവധിയ്ക്കു ശേഷവും ഉപയോഗിച്ചിരിക്കുന്നതായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം കാണുന്നു.

| ക്രമ നം. | മരുന്നിന്റെ പേര് | എണ്ണം | മരുന്നിന്റെ വില | കാലാവധി അവസാനിക്കുന്നത് | കാലാവധിയ്ക്കു ശേഷം ഉപയോഗിച്ചത് (എണ്ണം) | പർച്ചേസ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|---|
| 1 | Intacal Inj | 30 | 2040 | 08/22 | 1 (16 എണ്ണം ബാക്കിയുണ്ട്) | Attingal Drug House * |
| 2 | Thylocure 20 Ml Hester | 30 | 21555 | 07/22 | 1 (8 എണ്ണം ബാക്കിയുണ്ട്) | |
| 3 | Pottassium Permanganate | 50 | 294.50 | 08/22 | 5 | Kaleeckel Agencies ** |
| 4 | Povidone Iodine 500 Ml | 15 | 1205 | 09/22 | 3 | |

* ക്യാഷ് ഇൻവോയിസ് നം./തീയതി - 3979/13.01.22, തുക അനുവദിച്ച ട്രഷറി ബിൽ നം./തീയതി - 5/25.02.22

** ക്യാഷ് ഇൻവോയിസ് നം./തീയതി - 7863/28.12.21, തുക അനുവദിച്ച ട്രഷറി ബിൽ നം./തീയതി - 3/30.01.22

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/26.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടെണ്ടർ നിബന്ധന പ്രകാരം സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് 2 വർഷത്തെ കാലാവധി ഉണ്ടായിരിക്കണമെന്നുള്ളതിനാൽ പരാമർശിച്ചിരിക്കുന്ന മരുന്നുകൾ മാറ്റി വാങ്ങിച്ചിരുന്നതായി അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത മരുന്നുകൾ തിരികെ നൽകിയതായോ പുതിയ ബാച്ചിലെ മരുന്നുകൾ ലഭിച്ചതായോ ഉള്ള വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിലെ ബന്ധപ്പെട്ട പേജുകളിലും ആയത് സംബന്ധിച്ച യാതൊരു വിധ രേഖപ്പെടുത്തലുകളും ഇല്ല. ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതും പർച്ചേസ് ചെയ്യുന്ന മരുന്നുകളുടെ കാലാവധി സംബന്ധിച്ച് സ്ഥാപനവുമായി ഏർപ്പെടുന്ന കരാറിൽ നിബന്ധന വയ്ക്കേണ്ടതുമാണ്. കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നത് അത്യന്തം ഗുരുതരമായ നിരുത്തരവാദപരമായ നടപടി ആയതിനാൽ ഭരണസമിതിയുടെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-32 എസ് എസ് എ ഫണ്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1621800/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 41/2021-22 |
| പ്രോജക്ടിന്റെ പേര് | SSA വിഹിതം അടവാക്കൽ |
| അടങ്കൽ | 1621800/- (വികസന ഫണ്ട് - 1621800) |
| ചെലവ് | 1621800/- |
| ബിൽ നം./തുക | 01/21-22/6.12.21 Rs.1621800 |
| നിർവ്വഹണം | HM |

HM,GUPS കല്ലൂർ നടപ്പിലാക്കിയ പ്രോജക്റ്റിൽ എസ്.എസ്.എ വിഹിതമായി 1621800/- രൂപ അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/27.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 പ്രത്യേക കന്നുക്കുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - - 525000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുക്കുട്ടി പരിപാലനം |
| പദ്ധതി നമ്പർ | 12/22 |
| പദ്ധതി അടങ്കൽ | 525000 (വികസന ഫണ്ട് പൊതുവിഭാഗം)<br>525000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 525000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ട്രഷറി ബിൽ നം./തീയതി | 02/30.01.22 – 387500<br>09/26.03.22 - 137500 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

4 മാസം മുതൽ 8 മാസം വരെ പ്രായമുള്ള കന്നുകുട്ടികളുള്ള അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കന്നുകുട്ടികൾക്ക് തീറ്റ നൽകുന്ന പദ്ധതിയാണിത്. ബന്ധപ്പെട്ട പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം പ്രോജക്ടിന്റെ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ ക്രമ നം. 1 കന്നുകുട്ടികളെ ഇൻഷ്വറൻസ് ചെയ്ത് എൻറോൾ ചെയ്യുക എന്നുള്ളതാണ്. എന്നാൽ കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നു തന്നെ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി നടത്തിപ്പിനായി 2 തവണയായി ആകെ 525000/- രൂപ Deputy Director, SLBP, TVM ന്റെ പേരിൽ

അനുവദിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/26.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇൻഷ്വറൻസിന്റെ വിശദാംശങ്ങൾ SLBP കഴക്കൂട്ടം സർക്കിൾ വി എസ് നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ 2021-22 വർഷത്തെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 525000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 സ്നേഹസ്പർശം പ്രോജക്ട്- അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്നേഹസ്പർശം - ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 40/22 |
| പദ്ധതി അടങ്കൽ | 1163000 (വികസന ഫണ്ട് പൊതുവിഭാഗം)<br>541500 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>780700 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 1163000 (വികസന ഫണ്ട് പൊതുവിഭാഗം)<br>541500 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>570000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനുള്ള 91 കുട്ടികളുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള 30.09.21 ലെ 9(24) നം. കമ്മിറ്റി തീരുമാനം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ അതിനോടൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ചേർത്തിട്ടില്ല.

2. സ.ഉ(കൈ)നം.22/2018/തസ്വഭവ, തീ.14.02.18 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഖ.7.1.6 ലെ കുറിപ്പ് പ്രകാരം ധനസഹായത്തിന് തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭ/വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3. അപേക്ഷകളിൽ 'നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ' എന്ന ഭാഗത്ത് ഐസിഡിഎസ് സൂപ്പർവൈസർ രേഖപ്പെടുത്തലുകൾ വരുത്തുകയോ സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് നം. 53/27.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കമ്മിറ്റി തീരുമാനം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിച്ചതെന്നും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചിരുന്നില്ലായെന്നും ഭാവിയിൽ ഇത്തരം വീഴ്ച ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി ഗ്രാമസഭ കൂടാൻ സാധിച്ചിരുന്നില്ലെന്നും അപേക്ഷയിൽ സാക്ഷ്യപ്പെടുത്തൽ വരുത്തുന്നതിന് വിട്ടു പോയത് സാക്ഷ്യപ്പെടുത്തി വെച്ചുകൊള്ളാമെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ധനസഹായത്തിന് തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിരുന്നോയെന്നത് സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക അനുവദിച്ചു - പരിശോധിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷ്യപദാർത്ഥം വാങ്ങിയ വകയിൽ നൽകുവാൻ ഉള്ള ബാക്കി തുക |
| പദ്ധതി നമ്പർ | 162/22 |
| പദ്ധതി അടങ്കൽ | 64388 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 64388 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

2019-20 വർഷം ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷ്യപദാർത്ഥം വാങ്ങിയ വകയിൽ നൽകുവാൻ ഉള്ള ബാക്കി തുക നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് നീതി സ്റ്റോറിൽ നിന്നുള്ള വിവിധ ക്യാഷ് ബില്ലുകളുടെ ആകെ തുകയായ 64388 രൂപ ചെക്ക് നം.02088623/13.12.21 പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ച ക്യാഷ് ബില്ലുകളിൽ ഉൾപ്പെട്ട ബിൽ നം. GS8/31.05.20 എന്നത് 2020-21 വർഷത്തെയാണ്. 2019-20 വർഷത്തെ പർച്ചേസ് ബില്ലുകൾ പ്രകാരമുള്ള തുക അനുവദിക്കുന്നതിനാണ് പ്രോജക്ട് വെച്ചിട്ടുള്ളത് എന്നതിനാൽ 2020-21 വർഷത്തെ തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ പ്രസ്തുത ബിൽ പ്രകാരമുള്ള 21375/- രൂപ 2020-21 വർഷം സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 53/27.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 21375/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരങ്ങൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-36 ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിച്ചതിന്റെയും 2021-22 വർഷത്തെ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തെയും സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 01/21.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നും എത്രയും വേഗം രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി നാളിതുവരെ രൂപീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം യഥാസമയം പരിശോധിക്കുന്നില്ല

2021-22 ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണനിലവാരം പരിശോധിക്കുന്നതിന് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്കുള്ള 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് പോലും നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷം കുട്ടികൾക്ക് നൽകിയ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ട് 2022-23 വർഷം പോലും ലഭിച്ചിട്ടില്ല എന്നത് നിരീക്ഷണ കമ്മിറ്റി ഗൗരവത്തോടെ പരിശോധിക്കേണ്ട വിഷയമാണ്.

## 1-38 പഞ്ചായത്ത് വിഹിതം നൽകിയ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല – 700000 രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷം പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | SO0166/22 | SO078/22 |
| പ്രോജക്ടിന്റെ പേര് | മെഡിക്കൽ കോളേജിന് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് നൽകേണ്ട ഫണ്ട് | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം |
| അടങ്കൽ | 400000 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) | 300000രൂപ (വികസന ഫണ്ട്) |
| ചെലവ് | 400000 രൂപ | 300000രൂപ |
| ബിൽ നം./തീയതി | 4599888/04.03.22 (ചെക്ക് നം.) | 41/22.01.22 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/23.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 166/22 നം. പ്രോജക്ട് നാളിതുവരെ നടപ്പാക്കിയിട്ടില്ലെന്നും പ്രവൃത്തി നടപ്പാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ 78/22നം. പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്നും ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടത് അത്യന്താപേക്ഷിതമാണ് എന്നതിനാൽ യഥാസമയം അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി - പരീക്ഷയെഴുതിയതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 64/22 |
| പ്രോജക്ടിന്റെ പേര് | പ്ലസ് ഒന്ന് തുല്യതാ പഠനം പഠിതാക്കൾക്ക് ഫീസ് നൽകൽ |
| അടങ്കൽ | 32400 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 30650 (വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| | |
| ബിൽ നം./തീയതി | 32/09.11.21 |
| നിർവ്വഹണം | സെക്രട്ടറി |

പത്താംതരം തുല്യത കോഴ്സിനുള്ള പഠിതാക്കൾക്കുള്ള ഫീസ് ഇനത്തിൽ 11 കുട്ടികൾക്ക് കോഴ്സ് ഫീസ് ഇനത്തിൽ ആകെ 19350/- രൂപയും ഹയർസെക്കന്ററി പ്ലസ് വൺ തുല്യത കോഴ്സിനുള്ള 5 പഠിതാക്കൾക്കുള്ള കോഴ്സ് ഫീസായി ആകെ 11300/- രൂപയും കേരള സംസ്ഥാന സാക്ഷരതാ മിഷന് അനുവദിച്ചിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ ഹാജർ രേഖകൾ പരീക്ഷാ ഹാൾടിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/23.12.22 നുള്ള മറുപടിയോടൊപ്പം അഡ്മിഷൻ എടുത്ത 16 പേരുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പരിക്ഷാഹാൾടിക്കറ്റുകളുടെ പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ല. പഠിതാക്കൾ കോഴ്സ് പഠനം പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല -1112060/- രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷം പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കു വേണ്ടി ചെലവഴിച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | SO114/22 | SO103/22 | SO016/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണ പ്ലാന്റും പോത്തൻകോട് മാർക്കറ്റ് വൃത്തിയാക്കുന്നതിന് കുഴൽക്കിണറും പമ്പിംഗ് സംവിധാനവും ഒരുക്കൽ | വേങ്ങോട് ജംഗ്ഷൻ-ചേനവിള ജംഗ്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 500000 (ധനകാര്യകമ്മീഷൻ അവാർഡ്) | 600000 ധനകാര്യകമ്മീഷൻ അവാർഡ്) | 100000 (തനത് ഫണ്ട് ) |
| ചെലവ് | 500000 | 600000 | 12060 |
| ഡെപ്പോസിറ്റ് തുക ഒടുക്കിയത് | ഭൂജല വകുപ്പ് | കേരള വാട്ടർ അതോറിറ്റി | കെ.എസ്.ഇ.ബി |
| ബിൽ | 458/30.03.22 | 258/07.02.22 | ചെക്ക് നം. 93867/26.03.20 |

114/22, 103/22 നം. പ്രോജക്ടുകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/24.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 114/22 നം. പ്രവൃത്തി അടിയന്തിരമായി നടപ്പാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും 103/22 നം. പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതാണെന്നും വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 16/22 നം. പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/26.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടത് അത്യന്താപേക്ഷിതമാണ് എന്നതിനാൽ യഥാസമയം അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 1112060/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 പത്രപ്പരസ്യത്തിന് അധിക നിരക്ക് നൽകി- തുക ഈടാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ | പദ്ധതി രൂപീകരണം |

| | |
|---|---|
| പേര് | നിർവഹണം മോണിറ്ററിംഗ് |
| പദ്ധതി നമ്പർ | 2/22 |
| പദ്ധതി അടങ്കൽ | 200000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 183645 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

1. വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019,ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020, ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ പ്രസ്തുത പരസ്യം പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങളിൽ മാത്രം നല്കേണ്ടതാണെന്നും പ്രസ്തുത സാഹചര്യങ്ങളിൽ പി.ആർ.ഡി. പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധന നല്കാൻ പാടുള്ളൂവെന്നും പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ദിനപ്പത്രങ്ങളിൽ പത്രപ്പരസ്യം നൽകിയപ്പോൾ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും അധിക തുക അനുവദിച്ചിട്ടുണ്ട്. മേൽ പ്രോജക്റ്റിന്റെ ഭാഗമായി പരസ്യക്കൂലി ഇനത്തിൽ തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ദിനപത്രത്തിന്റെ പേര് | ഇൻവോയ്സ് നം. | വിസ്തീർണം ($Cm^2$) | ബിൽ പ്രകാരമുള്ള നിരക്ക് | ബിൽ തുക (ജി.എസ്.ടി ഉൾപ്പെടെ) രൂപ | ചെക്ക് നം./ തീയതി | പരമാവധി നല്കേണ്ടിയിരുന്ന തുക * രൂപ | അധികം നൽകിയ തുക രൂപ |
|---|---|---|---|---|---|---|---|---|
| 1 | മലയാള മനോരമ | KB0428005665/ 22.05.20 | 40 | 355 | 14910 | 079157/ 28.07.21 | 7421 | 7489 |
| 2 | കേരള കൗമുദി | BLTVM00367644/ 28.05.21 | 32 | 304 | 10214 | 4599879/ 06.01.21 | 7565 | 2649 |
| 3 | കേരള കൗമുദി | BLTVM00362190/ 19.01.21 | 32 | 304 | 10214 | | 7565 | 2649 |
| 4 | കേരള കൗമുദി | BLTVM00369266/ 14.07.21 | 32 | 320 | 10752 | | 7565 | 3187 |
| 5 | കേരള കൗമുദി | BLTVM00373743/ 27.10.21 | 32 | 320 | 13440 | | 9456 | 3984 |
| 6 | ദേശാഭിമാനി | TVM/20-21/1780/ 07.11.20 | 32 | 200 | 8568 | 93834/ 03.03.22 | 4094 | 4474 |
| 7 | കേരള കൗമുദി | BLTVM00377753/ 07.01.22 | 32 | 320 | 10752 | 93854/ 17.03.22 | 7565 | 3187 |
| | | | | | | | ആകെ | 27619 രൂപ |

* പരമാവധി നല്കേണ്ടിയിരുന്ന തുക (@പരിഷ്കരിച്ച നിരക്ക്+50% Hike-15% Dis.+5%GST) ( സർക്കാർ ഉത്തരവ് പ്രകാരം

മലയാള മനോരമയ്ക്ക് 124 ഉം, ദേശാഭിമാനിയ്ക്ക് 57 ഉം കേരള കൗമുദിയ്ക്ക് 158 ഉം ആണ് അർഹമായ നിരക്ക്.)

2. സുലേഖ ചെലവ് പത്രികപ്രകാരം മേൽ പ്രോജക്ടിന്റെ ആകെ ചെലവ് തുക 183645/- രൂപയാണ്. എന്നാൽ 192025/- രൂപയുടെ ബില്ലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 8380/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 26/24.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 15% ഡിസ്കൗണ്ട് കഴിഞ്ഞുള്ള ബില്ലാണ് നൽകുന്നത് എന്ന് കാണിച്ചുകൊണ്ട് കേരളകൗമുദി പത്രം ഓഫീസിൽ നിന്നുള്ള കത്ത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്തിൽ സ്ഥാപനത്തിന്റെ ബില്ലുകളിൽ പി.ആർ.ഡി നിരക്ക് ബാധകമല്ല എന്നും ചേർത്തിട്ടുണ്ട്. എന്നാൽ ആയത് അംഗീകരിക്കാവുന്നതല്ല. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് മാത്രമാണ് അനുവദിക്കാവുന്നത്. കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ബില്ലുകൾ പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. അധിക തുക (ആകെ 33337/-രൂപ) വരും വർഷങ്ങളിലെ ബില്ലുകളിൽ കിഴിവ് വരുത്തേണ്ടതാണ്. ക്രമ നം.2 പ്രകാരമുള്ള അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 കോവിഡ് പ്രോജക്ടുകളുടെ പരിശോധന - വിവിധ അപാകതകൾ

1.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരിരക്ഷാ പ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 20/22 |
| പദ്ധതി അടങ്കൽ | 270000 (വികസന ഫണ്ട് പൊതുവിഭാഗം)<br>1077200 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>323370 (തനത് ഫണ്ട്)) |
| പദ്ധതി ചെലവ് | 270000 (വികസന ഫണ്ട് പൊതുവിഭാഗം)<br>618126 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>134220 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ഡി.സി.സി (ഡൊമിസിലിയർ കെയർ സെന്റർ) കളുടെ പ്രർത്തനവുമായി ബന്ധപ്പെട്ടും മറ്റ് അനുബന്ധ ഇനങ്ങൾക്കുമായി 1022346/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച ഡി.സി.സി കളുമായി ബന്ധപ്പെട്ട പർച്ചേസുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഇൻമേറ്റ്സ് രജിസ്റ്റർ, പ്രതി ദിന വരവ് ചെലവ് കണക്കുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ബി) മേൽ പ്രോജക്ടിന്റെ ഭാഗമായി പർച്ചേസ് ചെയ്തു ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം/എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ക്യാഷ് ഇൻവോയിസ് നം./തീയതി | തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | Pressure Sprayer 16 L - 1 | Hygiene Shop | KSTM-114/21-22 Dt.06.05.21 | 8911 | 2/28.05.21 |
| 2 | Triplus Quatex 5L - 1 | | | 2801 | |
| 3 | Total Pressure Sprayer 2L - 1 | | KSTM-113/21-22 Dt.06.05.21 | 615 | |
| 4 | Pressure Sprayer 16 L - 1 | | KSTM-115/21-22 Dt.06.05.21 | 8911 | |
| 5 | Triplus Quatex 5L - 1 | | | 2801 | |
| 6 | PULS Oximeter - 2 | Akku Medicals | 158/25.04.21 | 4000 | 3/28.05.21 |
| 7 | PULS Oximeter - 3 | | 203/30.04.21 | 8997 | |
| 8 | PULS Oximeter - 5 | | 187/27.04.21 | 14995 | |
| 9 | PULS Oximeter - 25 | | 307/04.05.21 | 12500 | |
| 10 | Triplus Quatex 5L - 1 | Hygiene Shop | KSTM-178/21-22 Dt.10.06.21 | 2801 | 15/23.07.22 |
| 11 | Triplus Quatex 5L - 1 | | KSTM-177/21-22 Dt.10.06.21 | 2801 | |
| 12 | V-Guard Induction Cooktop – 1 * | John's Hyper Market | 10943/26.05.21 | 2990 | 50/11.02.22 |
| 13 | 195 R15 8PR Endumaxx - 2 | Concept Wheels | B2C/2017 Dt.22.02.22 | 11600 | 382/17.03.22 |

* അതിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ച് വ്യക്തത നൽകിയിട്ടില്ല.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് രണ്ടാം ഘട്ട വ്യാപനം- പ്രതിരോധ പ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 91/22 |
| പദ്ധതി അടങ്കൽ | 300000 രൂപ (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 285264 രൂപ(തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും ആകെ 285264/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം/എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ക്യാഷ് ഇൻവോയിസ് നം./തീയതി | തുക രൂപ | ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | Thermometer - 2 | Sree Kailas Drug House | 501/15.05.21 | 9500 | 079116/09.06.21 |
| 2 | BP Monitor - 2 | | | | |
| 3 | Stethoscope - 1 | | | | |
| 4 | Mattress - 20 | KADCO | 19/22.06.21 | 54235 | 5997087/13.07.21 |
| 5 | Pillow - 20 | | | | |
| 6 | Pillow Cover - 20 | | | | |
| 7 | Bed Sheet - 20 | | | | |
| 8 | Steel Cot - 15 | | 8/15.05.21 | 83002 | |
| 9 | Mattress - 15 | | | | |
| 10 | Pillow - 15 | | | | |
| 11 | Pillow Cover - 15 | | | | |
| 12 | Plastic Bucket - 15 | | | | |
| 13 | Plastic Cup - 15 | | | | |
| 14 | Bed Sheet - 15 | | | | |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.35/26.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ 20/22, 91/22 എന്നീ പ്രോജക്ടുകളിൽ മുഖേന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 വർഷം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ആകെ 419484/- രൂപ (യഥാക്രമം 134220, 285264) ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.911/2021/തസ്വഭവ തീ.26.04.2021 ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എസ്.ഡി.ആർ.എഫിൽ റീ ഇംപേഴ്സ്മെന്റ് പ്രൊപ്പോസൽ സമർപ്പിച്ച് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ റീ ഇംപേഴ്സ്മെന്റിന്റെ അർഹത ഡി.ഡി.എം.എകളുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഡൊമിസിലിയർ കെയർ സെന്ററുകൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(സാധാ)നം.2642/2021/തസ്വഭവ തീ.29.12.2021). അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുക റീഇംപേഴ്സ് ചെയ്യുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോയെന്നും തുക ലഭ്യമായിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കുന്നതിനും മേൽ അപാകതകൾ അറിയിച്ചുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണം നം.35/26.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് ചെയ്ത സാധനങ്ങൾ യഥാസമയം സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുക റീഇംപേഴ്സ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-43 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-പ്രോജക്ട് അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം | 183/22 | 26/22 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - സാധന സാമഗ്രികൾ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 480000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 2200000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | | |
|---|---|---|
| ചെലവ് | 342700 രൂപ | 2199389 രൂപ |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതിനും ആയതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി വിഭാവനം ചെയ്ത മേൽ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ചില വാർഡുകളിലെ തെരുവ് വിളക്കുകളിൽ സെൻസർ സ്ഥാപിച്ചതായി ഫയലിൽ പറയുന്നുണ്ടെങ്കിലും 2021-22 വർഷം സെൻസർ പർച്ചേസ് ചെയ്തതായോ വിതരണം ചെയ്തതായോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി വാർഡ്‌ടിസ്ഥാനത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2021-22 വർഷം വിതരണം ചെയ്ത തെരുവ് വിളക്കുകളുടെയും മറ്റ് വിവിധ ഇനങ്ങളുടെയും എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇനങ്ങൾ കൈപ്പറ്റിയ വ്യക്തിയുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നുമുള്ള 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച പ്രകാരമുള്ള മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

4) ശ്രീ അജീഷ് ആർ, അജീഷ് ഭവൻ, കേശവപുരം, കിളിമാനൂർ, തിരുവനന്തപുരം എന്ന കരാറുകാരനാണ് 2021-22 വർഷത്തിൽ മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3 /2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറിലെ ഇലക്ട്രീഷന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കിയിട്ടില്ല.

5)തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുന്നില്ല (ഉദാഹരണമായി KL 36A7575). കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.27/24.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-44 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിലെ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-44-1 ലോഗ് ബുക്ക് പരിശോധന

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ നം. KL-22 K 1697 ബൊലേറോ ജീപ്പ്, മാലിന്യം നീക്കം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന KL-22 N 6815 നം. വാഹനം എന്നിവയുടെ ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. അവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) KL-22 K 1697 നം. വാഹനത്തിന്റെ ലോഗ് ബുക്ക് സംക്ഷിപ്തം സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11-1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ KL-22 N 6815 നം. വാഹനത്തിന്റെ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

2) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.170/07/തസ്വഭവ തിയതി 30-06-2007 പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) KL-22 K 1697 നം. വാഹനത്തിന്റെ ഫ്യൂവൽ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

5) ആറ് മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ, പൊല്യൂഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 54/27.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വാഹനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും പരിപാലിക്കേണ്ടതുമാണ്.

## 1-44-2 പുതിയ വാഹനം പർച്ചേസ് ചെയ്തിട്ടും പഴയ വാഹനം കണ്ടം ചെയ്തിട്ടില്ല

പഞ്ചായത്തിന്റെ കീഴിലുള്ള കാരുണ്യ ബഡ്സ് സ്കൂളിന് നിലവിൽ 2 വാഹനങ്ങളാണ് ഉള്ളത്. KL-22 5318 Mahindra Tourister 2007 Model ബസ്, 2018-19 ൽ MP ഫണ്ടിൽ നിന്നും ലഭിച്ച 1525726/- രൂപ ഉപയോഗിച്ച് വാങ്ങിയ KL-22 L 8638 നം. Tata Starbus Skool ബസ് (Popular Mega Motors ൽ നിന്നുള്ള 29.08.18 ലെ ടാക്സ് ഇൻവോയിസ് പ്രകാരം വാങ്ങിയത്) എന്നിവയാണ് അവ. എന്നാൽ പുതിയ വാഹനം വാങ്ങി 4 വർഷത്തിന് ശേഷവും പഴയ വാഹനം ലേലം ചെയ്തിട്ടില്ല. ഉപയോഗയോഗ്യമല്ലാത്ത KL-22 5318 വാഹനം കണ്ടം ചെയ്യുന്നതിന് 16.06.22 ലെ പഞ്ചായത്ത് കമ്മിറ്റി ഇനം 6(1) പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടുള്ളതായി കാണുന്നില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 74/28.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-44-3 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22.10.2020 ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30.11.2020 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-22 K 1697, KL-22 N 6815 നം. വാഹനങ്ങളുടെ വിവരം രജിസ്റ്റർ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 54/27.12.2022 മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ കാരുണ്യ ബഡ്സ് സ്കൂളിനായി ഉപയോഗിക്കുന്ന KL-22 5318, KL-22 L 8638 എന്നീ വാഹനങ്ങളുടെ വിവരങ്ങളും "VEELS" സൈറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തി, വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-45 അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

1. പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 30 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 10 | അങ്കണവാടി നം. 31, 41, 49, 50, 53, 55, 56, 57, 58, 60 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 | അങ്കണവാടി നം. 31, 41, 49, 50, 53, 55, 56, 57, 58, 60 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 | അങ്കണവാടി നം. 49, 55 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 6 | അങ്കണവാടി നം. 31, 50, 53, 55, 57, 58 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 30 | എല്ലാ അങ്കണവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 1 | അങ്കണവാടി നം. 46 |
| 7 | കളിസ്ഥലം ഇല്ലാത്തവ | - | |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | 1 | അങ്കണവാടി നം. 56 |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | - | |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 28 | അങ്കണവാടി നം. 40,51 ഒഴികെയുള്ളവ |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 26 | അങ്കണവാടി നം. 38, 40, 47, 51 ഒഴികെയുള്ളവ |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 10 | അങ്കണവാടി നം. 32, 33, 35, 39, 40, 45, 47, 52, 54, 59 |
| 13 | വൈദ്യുതി ഇല്ലാത്തവ | - | |
| 14 | Baby Weighing Machine/salter Scale/ Platform Weighing Scale | - | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | - | |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | - | എല്ലാ അങ്കണവാടികളിലും ചെയർ ഉണ്ട്. മേശ ഇല്ല. |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | - | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 5 | അങ്കണവാടി നം. 35, 40, 45, 52, 59 ൽ ക്ലോക്ക്, ബെൽ ഇല്ല. |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | - | ഇൻഡോർ ഉണ്ട്. ഔട്ട്ഡോർ ഇല്ല |
| 22 | വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ | - | |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | 25 | 25 അങ്കണവാടികൾക്ക് റാക്ക് ഇല്ല. |

| | | | |
|---|---|---|---|
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 1 | അങ്കണവാടി നം. 59 |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 1 | അങ്കണവാടി നം. 47 |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | - | |

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4 പ്രകാരം അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ടെന്നും മാസത്തിലൊരു മീറ്റിംഗ് എന്ന നിലയ്ക്ക് എല്ലാ അങ്കണവാടികളിലും ചേരാൻ സാധിച്ചിട്ടില്ലായെന്നും മീറ്റിംഗ് മിനിട്സ് ബുക്ക് അങ്കണവാടികളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

3) കിണർ വൃത്തിയാക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തി നടപ്പിലാക്കി വരുന്നതായും ജലസംഭരണികൾ ALMSC യുടെ സഹായത്തോടെ വൃത്തിയാക്കാറുണ്ടെന്നും അറിയിച്ചിരിക്കുന്നു.

4) എല്ലാ മാസവും എല്ലാ അങ്കണവാടികളുടെയും Monthly Progress Report ക്രോഡീകരിച്ച് വെയ്ക്കുന്നുണ്ടെന്നും Annual Progress Report അങ്കണവാടി തലത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

5) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി പ്രോജക്ട് വെച്ച് നടപ്പിലാക്കി വരുന്നതായും അറിയിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തനം നടത്തിയിട്ടും സ്വന്തമായി കെട്ടിടം ഇല്ലാത്ത 10 അങ്കണവാടികൾ, സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത 2 അങ്കണവാടികൾ, ചുറ്റുമതിൽ ഇല്ലാത്ത 6 അങ്കണവാടികൾ, ശുചിയായ ചുറ്റുപാട് ഇല്ലാത്ത ഒരു അങ്കണവാടി, ആവശ്യമായ ഫർണിച്ചർ ഇല്ലാത്ത 25 അങ്കണവാടികൾ എന്നിവ ഇനിയും അവശേഷിക്കുന്നുണ്ട്. അതിനാൽ അങ്കണവാടികളുടെ അവശ്യ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (lii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. കൃത്യമായ ഇടവേളകളിൽ അങ്കണവാടികളിൽ പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശപ്രകാരം ഒരു ടീം പരിശോധനയ്ക്ക് എത്താറുണ്ടെന്നും റിപ്പോർട്ട് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായി മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

7) ഫിറ്റ്നെസ് പരിശോധിക്കുന്നതിനായി എഞ്ചിനീയർ/ഓവർസിയർ എല്ലാ വർഷവും അങ്കണവാടികളിൽ എത്താറുണ്ടെന്നും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാറുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നിട്ടും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഒരു അങ്കണവാടി ഇപ്പോഴും അവശേഷിക്കുന്നു എന്നുള്ളത് ഗുരുതരമായ വിഷയമാണ്. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 മരുന്നുകളിൽ ബാച്ച് നമ്പർ, കാലഹരണ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പദ്ധതി നമ്പർ:93

പദ്ധതിയുടെ പേര്: പോത്തൻകോട് ആയുർവേദ ആശുപത്രിക്ക് കോവിഡ് പ്രതിരോധ മരുന്നുകൾ വാങ്ങൽ

അടങ്കൽ തുക:1,00,000/-

ചെലവ് തുക:1,00,000/-

ഫണ്ടിനം: തനത് ഫണ്ട്

ബിൽ നമ്പർ, തീയതി:10/2021-'22, 09.08.2021, 1,00,000/-

മേൽ പദ്ധതിയിൽ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിൽ നിന്നും വാങ്ങുന്ന മരുന്നുകളുടെ ബില്ലുകളിൽ മരുന്നുകളുടെ ബാച്ച് നമ്പർ, കാലഹരണ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. മരുന്നുകളുടെ ഗുണനിലവാരം തിരിച്ചറിയാൻ ഏറെ സഹായകമാകുന്ന പ്രസ്തുത വിവരങ്ങൾ ഇല്ലാതെ മരുന്നുകൾ സ്റ്റോക്കിലെടുത്ത്

വിതരണം ചെയ്യുന്നത് കുറ്റകരമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/23.12.2022) മറുപടിയായി ഭാവിയിൽ പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയോട് ആവശ്യപ്പെടാമെന്ന് അറിയിക്കുകയുണ്ടായി. കോവിഡ് പ്രതിരോധ മരുന്നുകൾ വാങ്ങുമ്പോൾ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്ന കാര്യങ്ങൾ കൂടി ബില്ലുകളിൽ രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതായിരുന്നു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തര ഇടപെടൽ ഈ കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-47 എൻ.എച്ച്.എം.സിദ്ധ ഡിസ്പെൻസറിയിൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

|പദ്ധതി നമ്പർ: 186

പദ്ധതിയുടെ പേര്: ആയുർവേദ സിദ്ധ ഡിസ്പെൻസറി

അടങ്കൽ തുക:8,00,000/-

ചെലവ് തുക:8,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നമ്പർ, തീയതി:16/2021-'22, 18.03.2021, 8,00,000/-

| ക്രമ നം. | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) |
|---|---|---|
| 01 | TVM/22-23/0226, 13.05.2022 | 97,652/- |
| 02 | TVM/22-23/0227, 13.05.2022 | 5,069/- |
| 03 | TVM/22-23/0132, 26.04.2022 | 1,81,432/- |
| 04 | TVM/22-23/0135, 26.04.2022 | 1,28,524/- |
| 05 | TVM/2022-23/0733 | 95550/- |
| 06 | TVM/2022-23/0734 | 3570/- |
| | | 511797/- |

മരുന്നുകളുടെ വിലയായ 8 ലക്ഷം രൂപ 18.03.2021 ൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി 5,11,797/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/2022, 22.12.2022)മറുപടിയായി 2,88,203/- രൂപയുടെ മരുന്നുകൾ ഒരു മാസത്തിനകം ലഭ്യമാകുമെന്ന് മറുപടി നൽകി. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനും മരുന്ന് വിതരണക്കാരായ ഔഷധിയുമായുള്ള കരാർ പ്രകാരം മരുന്നുകളുടെ വില നൽകി 60 ദിവസത്തിനകം മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുമെന്നായിരുന്നു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടേണ്ടതാണ്.

## 1-48 സിദ്ധ ആശുപത്രിയിൽ വാങ്ങിയ പ്രിന്റർ സ്റ്റോക്കിലെടുത്തില്ല

പദ്ധതി നമ്പർ: 154

പദ്ധതിയുടെ പേര്:സിദ്ധ ആശുപത്രിയിൽ ലാപ്ടോപ്പും, പ്രിന്ററും വാങ്ങൽ

അടങ്കൽ തുക:70,300/-രൂപ

ചെലവ് തുക:70,300/-രൂപ

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി:18/2021, തീയതി 19.03.2022, തുക 20,300/-

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ആയുർവേദം.

മുകളിൽ വിവരിച്ച പദ്ധതിയിൽ ആർ.ജെ. എന്റർപ്രൈസസിൽ നിന്നും വാങ്ങിയ പ്രിന്റർ സ്റ്റോക്കിലെടുത്തില്ല. (ഓഡിറ്റ് അന്വേഷണം(2/2022, 22.12.2022) . RJE 02471/21-22, 14.03.2022 എന്ന ഇൻവോയ്സിൽ 20300/- രൂപയ്ക്ക് ആർ.ജെ.എന്റർപ്രൈസസിൽ നിന്നും വാങ്ങിയ പ്രിന്റർ ഇൻവോയ്സ് നമ്പർ, തീയതി മോഡൽ, സീരിസ് നമ്പർ തുടങ്ങിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-49 ഹോമിയോ മരുന്നുകൾ വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകത 14449/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1. പദ്ധതി നമ്പർ:92
പദ്ധതിയുടെ പേര്: സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് പ്രതിരോധ മരുന്ന് വാങ്ങൽ
അടങ്കൽ തുക: 60,000/-രൂപ
ചെലവ് തുക: 60,000/-രൂപ
ഫണ്ടിനം: തനത് ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ഹോമിയോ.
മേൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും ചുവടെ വിവരിക്കും പ്രകാരം മരുന്നുകൾ വാങ്ങി.

| ബിൽ നമ്പർ | തീയതി | തുക<br>രൂപ |
|---|---|---|
| എൽ.എഫ്. 53 | 29.04.2021 | 30,000 |
| എൽ.എഫ്.199 | 11.05.2021 | 30,174 |

എന്നാൽ, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് 14.02.2022 ന് ആണ്. മരുന്നുകൾ വാങ്ങി, ഒൻപത് മാസങ്ങൾക്ക് കഴിഞ്ഞ് പ്രസ്തുത സർട്ടിഫിക്കറ്റ് വാങ്ങിയത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/2022, 27.12.2022) മറുപടി ലഭ്യമായില്ല. എൻ.എ.സി വാങ്ങിയതിനു ശേഷമായിരുന്നു മരുന്നുകൾ പുറമേ നിന്നും വാങ്ങേണ്ടിയിരുന്നത്. ഓഫീസ് നടപടിക്രമങ്ങളിലെ പാളിച്ചയായി ഓഡിറ്റ് കാണുന്നു.

II.
പദ്ധതി നമ്പർ:38
പദ്ധതിയുടെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:4,00,000/-രൂപ
ചെലവ് തുക: 4,00,000/-രൂപ
ഫണ്ടിനം: വികസന ഫണ്ട്:2,00,000/-രൂപ
മെയിന്റനൻസ് ഫണ്ട്: 2,00,000/-രൂപ
ബിൽ നമ്പർ, തീയതി: 243/2021-'22, 02.02.2022 , 4,00,000/-
നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ഹോമിയോ.
02.02.2022 ന് മരുന്നുകളുടെ വിലയായ 4,00,000 രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരമുള്ള മരുന്നുകളുടെ ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

| ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|
| പി എഫ് 194 | 20.06.2022 | 1,85,551/- |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/2022, 27.12.2022) മറുപടി ലഭിച്ചില്ല. മരുന്ന് വിതരണക്കാരായ 'ഹോംകോ' യുമായി കരാറിൽ ഏർപ്പെടേണ്ടതും മരുന്നുകൾ കൃത്യമായി ലഭിച്ചുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മുഴുവൻ മരുന്നുകളും ലഭ്യമായ രേഖകൾ ഹാജരാക്കുന്നത് വരെ പ്രസ്തുത 14,449/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-50 ഔഷധി കരാർ തീയതി കഴിഞ്ഞ് വൈകി മരുന്നുകൾ വിതരണം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പാക്കിയ താഴെപറയുന്ന പദ്ധതികളിൽ കരാർ തീയതിയ്ക്കകം മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

I.
പദ്ധതി നമ്പർ: 35
പദ്ധതിയുടെ പേര്: വാർദ്ധക്യജന്യ സന്ധിവാത രോഗ ചികിത്സാ പദ്ധതി
അടങ്കൽ തുക:7,00,000/-രൂപ
ചെലവ് തുക:7,00,000/-രൂപ
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി:06/2021-'22,25.08.2021

മുകളിൽ വിവരിച്ച പദ്ധതിയിൽ മരുന്നുകളുടെ വിലയായ ഏഴ് ലക്ഷം രൂപ 25.08.2021 ൽ മരുന്ന് വിതരണക്കാരായ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 04.04.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. കരാർ തീയതി കഴിഞ്ഞ് 8 മാസം വൈകിയാണ് മരുന്നുകൾ വിതരണം ചെയ്തത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90226720, 04.10.2021 | 1,79,291/- | 18.10.2021 |
| 02 | 90229965, 29.10.2021 | 1,03,421/- | 01.11.2021 |
| 03 | 90234742, 29.11.2021 | 2,74,566/- | 17.12.2021 |
| 04 | 90238691, 31.12.2021 | 15,126/- | 31.12.2021 |
| 05 | 90250798, 18.03.2022 | 59,241/- | 23.03.2022 |
| 06 | 90250906, 19.03.2022 | 68,355/- | 04.04.2022 |

II.

പദ്ധതി നമ്പർ:32

പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് അവശ്യ ഔഷധങ്ങൾ

അടങ്കൽ തുക:10,00,000/-രൂപ

ചെലവ് തുക:10,00,000/-രൂപ

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി:03/2021-'22, 09.08.2021, 10,00,000/-

മുകളിൽ വിവരിച്ച പദ്ധതിയിൽ മരുന്നുകളുടെ വിലയായ 10 ലക്ഷം രൂപ 09.08.2021 ൽ മരുന്ന് വിതരണക്കാരായ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 23.03.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. കരാർ തീയതി കഴിഞ്ഞ് ഏഴ് മാസം വൈകിയാണ് മരുന്നുകൾ വിതരണം ചെയ്തത്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90222413, 31.08.2021 | 2,06,722/- | 13.09.2021 |
| 02 | 90226477, 30.09.2021 | 2,37,966/- | 19.10.2021 |
| 03 | 90229980, 29.10.2021 | 1,16,462/- | 04.11.2021 |
| 04 | 90232243, 13.11.2021 | 44,318/- | 16.11.2021 |
| 05 | 90234799, 29.11.2021 | 1,20,202/- | 17.12.2021 |
| 06 | 90238661, 29.12.2021 | 1,05,911/- | 31.12.2021 |
| 07 | 90242974, 28.01.2022 | 40,131/- | 24.02.2022 |
| 08 | 90248405, 26.02.2022 | 23,634/- | 23.03.2022 |
| 09 | 90250901, 19.03.2022 | 33,296/- | 23.03.2022 |
| 10 | 90250678, 17.03.2022 | 71,358/- | 23.03.2022 |
| | | 10,00,000/- | |

III.

പദ്ധതി നമ്പർ:185

പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് ആവശ്യമായ മരുന്ന് വാങ്ങൽ (2022-'23)
അടങ്കൽ തുക:12,00,000/-രൂപ
ചെലവ് തുക:12,00,000/-രൂപ
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി:15/2021-'22, 18.03.2022, 12,00,000/-

മുകളിൽ വിവരിച്ച പദ്ധതിയിൽ മരുന്നുകളുടെ വിലയായ 12 ലക്ഷം രൂപ 18.03.2022 ൽ മരുന്ന് വിതരണക്കാരായ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 16.09.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. കരാർ തീയതി കഴിഞ്ഞ് 6 മാസം വൈകിയാണ് മരുന്നുകൾ വിതരണം ചെയ്തത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90255983, 13.05.2022 | 1,65,051/- | 14.05.2022 |
| 02 | 90259000, 31.05.2022 | 7,44,646/- | 06.06.2022 |
| 03 | 90263087, 30.06.2022 | 1,11,762/- | 13.07.2022 |
| 04 | 90265264, 21.07.2022 | 91,826/- | 26.07.2022 |
| 05 | 90266402, 28.07.2022 | 52,429/- | 19.08.2022 |
| 06 | 90270132, 27.08.2022 | 34,288/- | 16.09.2022 |
| | | 12,00,000/- | |

I V.
പദ്ധതി നമ്പർ:34
പദ്ധതിയുടെ പേര്: ജീവിത ശൈലീ ജന്യ രോഗ നിയന്ത്രണ ആയുർവേദ ചികിത്സാ പദ്ധതി
അടങ്കൽ തുക:5,00,000/-
ചെലവ് തുക:5,00,000/-
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി:5/2021-'22, 25.08.2021, 5,00,000/-

മുകളിൽ വിവരിച്ച പദ്ധതിയിൽ മരുന്നുകളുടെ വിലയായ 5 ലക്ഷം രൂപ 25.08.2021 ൽ മരുന്ന് വിതരണക്കാരായ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 23.03.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. കരാർ തീയതി കഴിഞ്ഞ് 6 മാസം വൈകിയാണ് മരുന്നുകൾ വിതരണം ചെയ്തത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90226627, 30.09.2021 | 1,35,383/- | 18.10.2021 |
| 02 | 90230037, 29.10.2021 | 6,075/- | 01.11.2021 |
| 03 | 90237115, 15.12.2021 | 1,14,317/- | 17.12.2021 |
| 04 | 90238561, 29.12.2021 | 1,58,518/- | 31.12.2021 |
| 05 | 90242925, 28.01.2022 | 13,856/- | 24.02.2022 |
| 06 | 90248307, 26.02.2022 | 11,576/- | 23.03.2022 |
| 07 | 90250757, 18.03.2022 | 60,274/- | 23.03.2022 |
| | | 4,99,999/- | |

നിർവ്വഹണ ഉദ്യോഗസ്ഥനും, മരുന്ന് വിതരണക്കാരായ ഔഷധിയും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം മരുന്നുകളുടെ വില നൽകി 60 ദിവസത്തിനകം മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുമെന്നായിരുന്നു നിബന്ധന. ഈ നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/2022, 22.12.2022) മറുപടിയായി വരും വർഷങ്ങളിൽ ഈ കാര്യത്തിൽ ശ്രദ്ധിക്കാമെന്നാണ് മറുപടി നൽകിയത്. വരും വർഷങ്ങളിൽ

മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്ന എന്ന ഉറപ്പ് വരുത്താൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതാണ്.

## 1-51 ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ ആൻറ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്.) സോഫ്റ്റ് വെയർ – പരിമിതികൾ

1. മരുന്നുകൾ ഡി.ഡി.എം.എസ്.ൽ രേഖപ്പെടുത്തുമ്പോൾ എത് പദ്ധതി വഴി കിട്ടിയ മരുന്നുകൾ ആണെന്ന് തിരിച്ചറിയാൻ ഡി.ഡി.എം.എസ് ൽ സാധിക്കുന്നില്ല.
2. ലാബിലേക്ക് വാങ്ങുന്ന റീ ഏജന്റുകൾ ഡി.ഡി.എം.എസിൽ അറിയുന്നതിനുള്ള സംവിധാനമില്ല. മരുന്നുകൾ ഫാർമസിയിൽ വിതരണം ചെയ്യുന്നതിന്റെ വിവരങ്ങൾ ഡി.ഡി.എം.എസ് സോഫ്റ്റ് വെയറിൽ അറിയാൻ കഴിയുന്നില്ല.
3. മരുന്നുകൾ ഡി.ഡി.എം.എസിൽ രേഖപ്പെടുത്തിയതിന് ശേഷം ഫാർമസിയിൽ വിതരണം ചെയ്യതിന്റെ സബ് സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാകുന്നില്ല.
4. ഡി.ഡി.എം.എസ്, ഇ ഹെൽത്ത് എന്നീ സോഫ്റ്റ് വെയറുകൾ തമ്മിൽ ബന്ധിപ്പിച്ചിട്ടില്ല. അത് കാരണം ഡി.ഡി.എം.എസിൽ രേഖപ്പെടുത്തുന്ന അതേ വിവരങ്ങൾ ഇ ഹെൽത്ത് എന്ന സോഫ്റ്റ് വെയറിലും രേഖപ്പെടുത്തേണ്ടതായി വരുന്നു.
5.ഇ-ഹെൽത്ത് സോഫ്റ്റ് വെയറിൽ പദ്ധതിയുടെ പേര് അടിസ്ഥാനമാക്കി മരുന്നുകളുടെ വിവരങ്ങൾ അറിയുവാനുള്ള സംവിധാനം ഇല്ല.
6. ഇ-ഹെൽത്ത് സോഫ്റ്റ് വെയറിൽ മരുന്നുകൾ സബ്സ്റ്റോക്കിൽ ചേർക്കുമ്പോൾ അവ എത് ബാച്ചിൽ പെട്ട മരുന്നുകളാണെന്ന് അറിയുന്നതിനുള്ള സംവിധാനമില്ല.
ഈ വിഷയത്തിൽ ഡി.ഡി.എം.എസ്, ഇ-ഹെൽത്ത് എന്നീ സോഫ്റ്റ് വെയറുകൾ തമ്മിൽ യോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ തേടേണ്ടതാണ്.

## 1-52 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികളിൽ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

I.
പദ്ധതി നമ്പർ:13
പദ്ധതിയുടെ പേര്: വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:2,98,000/-രൂപ
ചെലവ് തുക:2,97,997/-രൂപ
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി:13/2021-'22, 06.07.2021, 2,97,981/-

കമ്മ്യൂണിറ്റി ഫാർമസി സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ വിവരിക്കുന്ന ബില്ലുകൾ പ്രകാരം മരുന്നുകൾ ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക (രൂപ) |
|---|---|---|
| 01 | 1660, 05.05.2022 | 26,779/- |
| 02 | 15213, 25.03.2022 | 20,599/- |
| 03 | 13763, 23.02.2022 | 1,01,982/- |
| 04 | 10597, 29.12.2021 | 25,471/- |
| 05 | 7720, 20.10.2021 | 40,244/- |
| | ആകെ | 2,15,075/- |

മരുന്നുകളുടെ വില മുഴുവൻ 06.07.2021 തീയതിയിൽ നൽകിയിട്ടും നാളിതുവരെയായി 2,15,075/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

I I.
പദ്ധതി നമ്പർ:04
പദ്ധതിയുടെ പേര്:എഫ്.എച്ച്.സി.ക്ക് അത്യാവശ്യ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ തുക:16,00,000/-രൂപ
ചെലവ് തുക:16,00,000/-രൂപ
ഫണ്ടിനം: വികസന ഫണ്ട്:15,00,000/-രൂപ
മെയിൻ്റനൻസ് ഫണ്ട്:1,00,000/-രൂപ
ചെക്ക് നമ്പർ:02079119/14.06.2021, 2,05,352/-
ബിൽ നമ്പർ, തീയതി:

1. 61/2021-'22,19.02.2021, 2,85,000/-
2. 05/2021-'22,19.05.2021, 12,00,000/-
3. 1,00,000/-

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക (രൂപ) |
|---|---|---|
| 01 | 17041,14.11.2021 | 35,016/- |
| 02 | 18495,24.11.2022 | 21,646/- |
| 03 | 18491,24.11.2022 | 17,368/- |
| 04 | 3051,28.05.2022 | 64,688/- |
| 05 | 4817,22.06.2022 | 14,431/- |
| 06 | 4730, 21.06.2022 | 23,344/- |
| 07 | 4412,16.06.2022 | 17,567/- |
| 08 | 3048,28.05.2022 | 85,082/- |
| | ആകെ | 2,79,142/- |

മരുന്നുകളുടെ മുഴുവൻ വിലയായ 2,85,000/-രൂപ 19.02.2021 തീയതിയിൽ നൽകിയിട്ടും നാളിതുവരെയായി 2,79,142/-രൂപയുടെ മരുന്നുകൾ മാത്രം ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക (രൂപ) |
|---|---|---|
| 01 | 13100,06.10.2022 | 85,301/- |
| 02 | 1358,30.04.2022 | 7923/- |
| 03 | 15307,30.03.2022 | 1,78,673/- |
| 04 | 15209,25.03.2022 | 92,233/- |
| 05 | 15210,25.03.2022 | 34,033/- |
| 06 | 13480,19.02.2022 | 28,243/- |
| 07 | 935,19.02.2022 | 46,688/- |
| 08 | 12111,31.01.2022 | 9,515/- |
| 09 | 12080,31.01.2022 | 34,033/- |
| 10 | 11924, 27.01.2022 | 1,40,869/- |
| 11 | 11372,14.01.2022 | 74,277/- |
| 12 | 7163,11.10.2021 | 34,337/- |
| 13 | 5711,28.08.2021 | 1,45,170/- |

| | | |
|---|---|---|
| 14 | 3957,22.07.2021 | 1,20,770/- |
| | ആകെ | 10,32,605/- |

മരുന്നുകളുടെ മുഴുവൻ വിലയായ 12,00,000/- രൂപ 19.05.2021 തീയതിയിൽ നൽകിയിട്ടും നാളിതുവരെയായി 10,32,605/- രൂപയുടെ മരുന്നുകൾ മാത്രം ലഭ്യമായത്.
മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കരാർ കൃത്യമായി ചമച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-53 ഔഷധം കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു.

പദ്ധതി നമ്പർ:32
പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് അവശ്യ ഔഷധങ്ങൾ
അടങ്കൽ തുക:10,00,000/-
ചെലവ് തുക:10,00,000/-
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി:03/2021-'22, 09.08.2021, 10,00,000/-
നിർവ്വഹണം : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

| ഔഷധം | ഇൻവോയ്സ് നമ്പർ, തീയതി | തുക | കാലഹരണ തീയതി | ഔഷധങ്ങൾ വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| ധന്വന്തരം കഷായം | 90222413, 31.08.2021 | 2,06,722/- | 02/2022 | 03/2022 |

പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം മുകളിൽ വിവരിച്ച പദ്ധതിയിൽ ധന്വന്തരം കഷായം കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/23.12.2022) മറുപടി ലഭ്യമായില്ല. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകിനിടയുള്ള ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെല വഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 8500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 8500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 100000 | ലൈഫ് ജനറൽ (എസ്.സി.പി)സ്പിൽ ഓവർ) | 100000 | 0 |
| | | 0 | 1680000 | ലൈഫ് എസ്.സി അഡീഷണൽ ലിസ്റ്റ് ഭവനം | 1680000 | 0 |
| | | 0 | 670000 | ഭവന നിർമ്മാണം ലൈഫ് ജനറൽ | 670000 | 0 |
| | | 0 | 150000 | ലക്ഷം വീട് പുനരുദ്ധാരണം ന്യൂ ലൈഫ് | 150000 | 0 |
| | | 0 | 541500 | സ്നേഹ സ്പർശം | 541500 | 0 |
| | | 0 | 1166173 | ക്ഷീര സമൃദ്ധി | 1166173 | 0 |
| | | 578014 | - | തിരികെ ഒടുക്കിയത് | 8000 | 570014 |
| ആകെ | | 578014 | 4316173 | | 4324173 | 570014 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 8500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 8500 | 0 |
| | | 0 | 50000 | ലക്ഷം വീട് പുനരുദ്ധാരണം | 50000 | 0 |
| | | 0 | 400000 | ന്യൂ ലൈഫ് ജനറൽ | 400000 | 0 |
| | | 0 | 570000 | സ്നേഹ സ്പർശം | 570000 | 0 |
| | | 0 | 55000 | ക്ഷീര സമൃദ്ധി | 55000 | 0 |
| | | 302463 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 302463 |
| ആകെ | | 502463 | 1083500 | | 1083500 | 502463 |
| മുനിസിപ്പൽ കോർപ്പറേഷൻ | | 2600000 | 0 | മെഡിക്കൽ കോളേജ് മാലിന്യ സംസ്കരണ പ്ലാന്റ് | 400000 | 2200000 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-30 + പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 578014 | 4316173 | 4894187 | 4324173 | 570014 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 502463 | 1083500 | 1585963 | 1083500 | 502463 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2600000 | 0 | 2600000 | 400000 | 2200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തി യുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് + | നീക്കി യിരിപ്പ് തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | തിരികെ ഒടുക്കിയത് | |
| | | 2021-22 | | | | | |
| | | 105/22 തൈക്കടത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | | 300000 | | |
| | | 106/22 കഞ്ഞിക്കാവ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | | 300000 | | |
| | | 103/22 വേങ്ങോട് ജംഗ്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | | 600000 | | |
| കേരള വാട്ടർ അതോറിറ്റി | 9239207 | 104/22 അലവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | ഇല്ല | 600000 | 6150987 | 6583520 |
| | | 107/22 മോട്ടക്കോണം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | | 600000 | | |
| | | 155/22 വാവറയമ്പലം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | | 500000 | | |
| | | 158/22 കണിയാറുകോണം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 595300 | | 595300 | | |
| | | | 3495300 | | 3495300 | 6150987 | 6583520 |
| കെ.എസ്.ഇ.ബി | 2414996 | 16/22 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 12060 | - | 12060 | - | 2427056 |
| കേരള ഭൂജല വകുപ്പ് | 256810 | 114/22 പോത്തൻകോട് മാർക്കറ്റ് കുഴൽ കിണർ നിർമ്മാണം | 500000 | - | 500000 | - | 756810 |
| പി.ഡബ്ല്യൂ.ഡി | 580000 | - | - | - | - | 580000 | - |

| | 2020-21 B-18 ,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 9239207 | 3495300 | 12734507 | 6150987 | 6583520 | 6583520 |
| കെ.എസ്.ഇ.ബി | 2414996 | 12060 | 2427056 | - | 2427056 | 2427056 |
| കേരള ഭൂജല വകുപ്പ് | 256810 | 500000 | 756810 | - | 756810 | 256810* |

| | | | | | | |
|---|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | 580000 | - | 580000 | 580000 | - | - |

114/22 പോത്തൻകോട് മാർക്കറ്റ് കുഴൽ കിണർ നിർമ്മാണം ഡിപ്പോസിറ്റ് ഹെഡിലല്ല ചെലവ് ചെയ്തിട്ടുള്ളത്. ആയതിനാൽ ചെലവഴിക്കാത്ത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി/ 2018 തീയതി 04.01.2019 | 37288000 | 220000 | 3256000 | 34252000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,21,72,068 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,74,42,620 |
| ആകെ | 12,96,14,688 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,51,75,084 |
| നീക്കിയിരിപ്പ് | 3,44,39,604 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3958860 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 16,21,800 | ശ്രീമതി ഷമീന ബീഗം.എച്ച്, ഹെഡ്മിസ്ട്രസ് |
| 1-33 | 5,25,000 | ഡോ.സജ്ന.എസ്.യു, വെറ്ററിനറി സർജൻ |
| 1-38 | 7,00,000 | ശ്രീ.ഹരി.ജി.എസ്, സെക്രട്ടറി |
| 1-40 | 11,12,060 | ശ്രീ.ഹരി.ജി.എസ്, സെക്രട്ടറി |
| ആകെ | 39,58,860 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരി.ജി.എസ്, സെക്രട്ടറി | ലഭ്യമല്ല | ഹരി ഭവൻ, നിയർ വിജയമോഹിനി മില്ല്, തിരുമല.പി.ഒ, തിരുവനന്തപുരം |
| ഡോ.സജ്ന.എസ്.യു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പോത്തൻകോട് | ഹയാത്ത്, ഓർക്കിഡ് ലൈൻ, നവോദയ നഗർ, ഉണ്ടത്തിൽ പി.ഒ, കാര്യവട്ടം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 2 |

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /271/2022 തീയതി 19.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11 /2410/2022 തീയതി 19.01.2019 | 30 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11 /339/2020 തീയതി 30.08.2020 | 31 |
| 2019-20 | കെ.എസ്.റ്റി.വി.എം./ജി.പി.11/1730/21 തീയതി 25.09.2021 | 31 |
| 2020-21 | കെ.എസ്.റ്റി.വി.എം./ജി.പി.11/1623/21 തീയതി 28.10.2021 | 27 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്